# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 11) 1204/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 11) 1204/2021 തീയ്യതി: 17/03/2022

## തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി.വി.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

സദാനന്ദൻ.പി.ജി, ഓഡിറ്റ് ഓഫീസർ

വിദ്യ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിത.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ജയൻ.വി.എസ്, ഓഡിറ്റർ

ജോയ്സൻ.സി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനിത.കെ.വി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വാസുദേവൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ.പ്രദീപ്.കെ | സെക്രട്ടറി | 25-04-2019 | 31-01-2020 |
| ശ്രീമതി.അംബിക.ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2020 | 13-02-2020 |
| ശ്രീ.പ്രദീപ്.കെ | സെക്രട്ടറി | 14-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ | അസി.സെക്രട്ടറി | 01-04-2019 | 25-07-2019 |
| അംബിക ഐ | അസി.സെക്രട്ടറി | 25-07-2019 | 31-03-2020 |
| അഭിമന്യൂ ടി ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുമിത ബേബി | വി.ഇ.ഒ. (കണ്ണാറ സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി.മീര വാര്യർ | വി.ഇ.ഒ. (പട്ടിക്കാട് സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രജിത.സി.ബി. | വി.ഇ.ഒ. (വാണിയംപാറ സർക്കിൾ) | 01-04-2019 | 19-09-2019 |
| ശ്രീ.ജസ്റ്റിൻ സെബാസ്റ്റ്യൻ | വി.ഇ.ഒ. (വാണിയംപാറ സർക്കിൾ) | 20-09-2019 | 31-03-2020 |
| ശ്രീമതി.നിർമ്മലാദേവി.പി.സി. | പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | 01-04-2019 | 31-03-2020 |
| ഡോ. സജീന.എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 18-05-2019 |

| | | | |
|---|---|---|---|
| ഡോ. ശ്രീജ വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 19-05-2019 | 31-03-2020 |
| ഡോ.വിജോയ് ജോസഫ്.സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.സുഹാസ്നാരായണൻ.പി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ടെസ്സി.കെ.കുരുവിള | വെറ്ററിനറി സർജൻ | 01-04-2019 | 19-07-2019 |
| ഡോ.ലത | വെറ്ററിനറി സർജൻ | 20-07-2019 | 31-03-2020 |
| ശ്രീ.മഹേഷ്.വി.സി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| മേഘ്ന.ടി.കെ | അസി.എഞ്ചിനീയർ | 01-04-2019 | 16-04-2019 |
| രതീഷ്.എ.ജെ | അസി.എഞ്ചിനീയർ (അധിക ചുമതല) | 17-04-2019 | 24-05-2019 |
| മേഘ്ന.ടി.കെ | അസി.എഞ്ചിനീയർ | 25-05-2019 | 24-07-2019 |
| പ്രവിത | അസി.എഞ്ചിനീയർ | 25-07-2019 | 05-08-2019 |
| അതുല്യ.ഐ.ആർ | അസി.എഞ്ചിനീയർ | 06-08-2019 | 06-11-2019 |
| റിജോ.എ.ഇ | അസി.എഞ്ചിനീയർ | 07-11-2019 | 21-11-2019 |
| സൂര്യ.എ.എസ് | അസി.എഞ്ചിനീയർ | 22-11-2019 | 31-03-2020 |
| സുധർമ്മിണി.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| രമ്യ മോൾ.കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-12-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 13-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-1 |
| 2 | ബഡ്ജറ്റ് എസ്റ്റിമേറ്റ് - യഥാർത്ഥ വരവ്/ചെലവ് കണക്കുകളുമായി വലിയ അന്തരം<br>Written By: Shobby.V.P (Audit Officer, On 21-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Vidya Vikraman (Asst. Audit Officer, On 13-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Vidya Vikraman (Asst. Audit Officer, On 13-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vidya Vikraman (Asst. Audit Officer, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sunitha.R (Senior Grade Auditor, On 18-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 13-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-6 |
| 8 | ക്ഷേമപെൻഷനുകൾ<br>Written By: Jayan VS (Auditor, On 13-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 21-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 13-08-2021)<br>Last Updated By: Jayan VS (Auditor, On 24-08-2021) | 1-10 |
| 12 | വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 06-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-11 |
| 13 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ - തൻവർഷം, കുടിശ്ശിക )-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 06-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-12 |
| 14 | ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-13 |
| 15 | വസ്തു നികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-14 |

| | | |
|---|---|---|
| | Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | |
| 16 | വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-15 |
| 17 | വസ്തു നികുതി അഡ്വാൻസ് - "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-16 |
| 18 | വരവിനങ്ങൾ - രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-17 |
| 19 | ജേണൽ ബുക്ക് - വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-18 |
| 20 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-19 |
| 21 | തൊഴിൽ നികുതി(ട്രേഡേഴ്സ്)/മുറി വാടക/ലേലം/ ഡി സി ബി തയ്യാറാക്കിയിട്ടില്ല,ഡി & ഓ വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-20 |
| 22 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 08-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-21 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-22 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-23 |
| 25 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ - തത്തുല്യമായ തുക "Capital Contribution" ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-24 |
| 26 | ജേണൽ വൌച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 08-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-25 |
| 27 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-26 |
| 28 | വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ<br>Written By: Jayan VS (Auditor, On 08-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-27 |
| 29 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 08-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-28 |
| 30 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ | 1-29 |

| | | |
|---|---|---|
| | സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 08-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | |
| 31 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 08-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-30 |
| 32 | സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 08-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-31 |
| 33 | തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 13-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-32 |
| 34 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-33 |
| 35 | ഉപയോഗക്രമം മാറ്റാതെ എഫ്.എ.ആർ ചട്ടലംഘനമുള്ള വാണിജ്യകെട്ടിടം പ്രവർത്തിച്ചുവരുന്നു.<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-34 |
| 36 | വാല്യുവേഷൻ പ്രകാരം 432179/- രൂപയുടെ മരം ജീർണ്ണാവസ്ഥയിൽ<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-35 |
| 37 | ലേലതുകയിൽ ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയില്ല<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-36 |
| 38 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-37 |
| 39 | മൊബൈൽ ടവറിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-38 |
| 40 | കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-39 |
| 41 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-40 |
| 42 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-02-2022) | 1-41 |
| 43 | വനിതകൾക്ക് കറവ പശു വളർത്തൽ പദ്ധതി ജനറൽ - സബ്സിഡി മാർഗരേഖ നിബന്ധനകൾ പാലിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 18-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-42 |
| 44 | പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 18-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-43 |
| 45 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 18-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-44 |
| 46 | ശുചിത്വ കക്കൂസ് - തുക അധികം അനുവദിച്ചു<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021) | 1-45 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 16-03-2022) | |
| 47 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-46 |
| 48 | വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി)- ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-47 |
| 49 | ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല. 15,93,647/- രൂപ തടസ്സം<br>Written By: Vidya Vikraman (Asst. Audit Officer, On 19-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 1-48 |
| 50 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി - ട്രാൻസ്പോർട്ടിങ്ങ് ചാർജിനു പുറമേ ലോഡിങ്ങ്, അൺലോഡിങ്ങ് ചാർജ് നൽകി<br>Written By: P.G.Sadanandan (Audit Officer, On 20-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-49 |
| 51 | വയോജന സംഗമം - ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 20-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-50 |
| 52 | താളിക്കോട് കുടിവെള്ള പദ്ധതി - റെയ്ഡ്കോ യ്ക്ക് തുക നൽകൽ - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 20-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-51 |
| 53 | വിവിധ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങൽ - 1784 രൂപ കെൽട്രോണിന് അധികം നൽകി<br>Written By: P.G.Sadanandan (Audit Officer, On 20-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-52 |
| 54 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 20-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-53 |
| 55 | തെരുവു വിളക്ക് അറ്റകുറ്റപ്പണികൾ - ഉയർന്ന നിരക്കിൽ കരാർ നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 20-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-54 |
| 56 | ഗ്രാമപഞ്ചായത്തിനുള്ള സേവനങ്ങൾക്ക് GST നല്കേണ്ടതില്ല.<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-55 |
| 57 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-56 |
| 58 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-57 |
| 59 | എസ് .സി വനിതകൾക്ക് ഫ്ലോർ മിൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-58 |
| 60 | പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധനവ് - സപ്ലൈ ഓർഡർ നൽകിയ ഗുണനിലവാരത്തിലും വിലയിലുമുള്ള | 1-59 |

| | | |
|---|---|---|
| | കസേരകൾക്ക് പകരം ഗുണനിലവാരം കുറഞ്ഞ കസേര വിതരണം നടത്തുകയും സപ്ലൈ ഓർഡർ പ്രകാരമുള്ള കൂടിയ നിരക്ക് നൽകുകയും ചെയ്തു.<br>Written By: Vidya Vikraman (Asst. Audit Officer, On 18-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധനവ് - സപ്ലൈ ഓർഡർ നൽകിയ ഗുണനിലവാരത്തിലും വിലയിലുമുള്ള കസേരകൾക്ക് പകരം ഗുണനിലവാരം കുറഞ്ഞ കസേര വിതരണം നടത്തുകയും സപ്ലൈ ഓർഡർ പ്രകാരമുള്ള കൂടിയ നിരക്ക് ഈടാക്കുകയും ചെയ്തു.<br>Written By: Vidya Vikraman (Asst. Audit Officer, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 3-1 |
| 2 | ട്രാൻസ്പോർട്ടിങ്ങ് ചാർജിനു പുറമേ ലോഡിങ്ങ് ആന്റ് അൺലോഡിങ്ങ് ചാർജ് നൽകി - 950 രൂപ നിരാകരിക്കുന്നു<br>Written By: P.G.Sadanandan (Audit Officer, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 3-2 |
| 3 | വിവിധ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങൽ - 1784 രൂപ കെൽട്രോണിന് അധികം നൽകി<br>Written By: P.G.Sadanandan (Audit Officer, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 3-3 |
| 4 | തെരുവു വിളക്ക് അറ്റകുറ്റപ്പണികൾ - ഉയർന്ന നിരക്കിൽ കരാർ നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിച്ച ഫണ്ട് വിനിയോഗം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 07-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | ബജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 286346721 | 349071397 |
| ചെലവ് | 274291551 | 348342152 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 21.02.2019 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 24.03.2020 തീയതിയിലെ 1(1)-ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-1-1 ബഡ്ജറ്റ് എസ്റ്റിമേറ്റ് - യഥാർത്ഥ വരവ്/ചെലവ് കണക്കുകളുമായി വലിയ അന്തരം

ഓഡിറ്റ് വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 21-2-'19 ലെ 1(1) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

( I ) യഥാർത്ഥ വരവ്/ചെലവ് കണക്കുകളും ബഡ്ജറ്റ് എസ്റ്റിമേറ്റും തമ്മിൽ താഴെ ചേർക്കുന്നു പ്രകാരം വലിയ തോതിലുള്ള വ്യത്യാസമുള്ളതായി പരിശോധനയിൽ കണ്ടു.

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് സംഖ്യ | റിവൈസ്ഡ് എസ്റ്റിമേറ്റ് സംഖ്യ | യഥാർത്ഥ സംഖ്യ |
|---|---|---|---|
| വരവ് | 27,70,28,457- | 33,97,53,133- | 19,53,94,043- |
| ചെലവ് | 26,22,36,381- | 32,31,99,331- | 20,29,44,286- |

( Ii ) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii ) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 23.06.2020 |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 37492491 |
| ഓഡിറ്റ് വർഷത്തെ വരവ് | 131286061 |
| ആകെ | 168778552 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 123039110 |
| നീക്കിയിരിപ്പ് | 45739442 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ഇല്ല | 46459727 | 46459727 | 40435937 | 6023790 |
| വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 13040531 | 13040531 | 7602161 | 5438370 |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 3893272 | 3893272 | 1705112 | 2188160 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | ഇല്ല | 20019000 | 20019000 | 6027131 | 13991869 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് | ഇല്ല | 7308000 | 7308000 | 2518873 | 4789127 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഇല്ല | 31780834 | 31780834 | 8492581 | 23288253 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ഇല്ല | 6663600 | 6663600 | 352044 | 6311556 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 503 | 253237411 | 130 | 105101631 | 326 | 46 | 25.84 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 30995.50 | 918066 | 949061.5 | 562223.5 | 386838 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30711549 | 30711549 | 30711549 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 40,43,400 | 702 |
| വിധവാ പെൻഷൻ | 1,28,03,400 | 2239 |
| വാർദ്ധക്യകാലപെൻഷൻ | 1,94,99,100 | 3457 |
| വികലാംഗപെൻഷൻ | 30,95,400 | 550 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,40,000 | 146 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-08-2021 തീയതിയിൽ 3.05 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66925/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഫലപ്രദമല്ലാത്തതായി പരിശോധനയിൽ കണ്ടു. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിൽ ഫയലുകൾ സൂക്ഷിക്കുന്ന സംവിധാനം ശരിയല്ല.

ഓഡിറ്റിന് ഫയലുകൾ ഹാജരാക്കുന്നതിന് അക്ഷന്തവ്യമായ കാലതാമസം നേരിടുകയുണ്ടായി. സാമ്പത്തികനില പരിശോധനക്കാവശ്യമായ ഫയലുകൾ, രജിസ്റ്ററുകൾ, മറ്റു രേഖകൾ, ആവശ്യമായ വിശദീകരണം എന്നിവ നല്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. പെർമിറ്റ്, വസ്തുനികുതി, വേക്കൻസി റമിഷൻ എന്നിവയുടെ ഫയലുകൾ നിരന്തരമായി ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട ഫയലുകൾ തികച്ചും അലക്ഷ്യമായി സൂക്ഷിച്ചിട്ടുള്ളതും ആവശ്യമായ അനുബന്ധ രേഖകൾ ഇല്ലാത്തതുമാണെന്ന് കാണുകയുണ്ടായി.

ബഹുഭൂരിപക്ഷം മരാമത്തു പ്രവൃത്തികളും അടങ്കൽ തുക 5 ലക്ഷം കവിയാത്തവിധം നിർവഹിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ഇ-ടെണ്ടർ ഒഴിവാക്കി പദ്ധതി പണം വിവിധ വാർഡുകളിലായി പങ്കു വെച്ച് ചെലവഴിക്കുന്ന പ്രവണത സംശയിക്കേണ്ട സാഹചര്യമുണ്ട്. ഓരോ വാർഡുകളിലെയും ഒരേ റോഡു പ്രവൃത്തികൾ തന്നെ തുടർന്നു വരുന്ന വർഷങ്ങളിൽ ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതും ഒരേ പ്രവൃത്തിക്കു തന്നെ രണ്ടോ മൂന്നോ പ്രൊജക്റ്റുകൾക്ക് രൂപം കൊടുത്ത് നിർവഹിക്കുന്നതും പരിശോധനയിൽ കാണുന്നു.

ഈ സാഹചര്യത്തിൽ ആഭ്യന്തര നിയന്ത്രണം ഉറപ്പു വരുത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ജൂലായ് 2020 | 2020 ജനവരി മുതൽ മാർച്ച് വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2019 – 20.02.2019 | 2013-14 മുതൽ 2017-18 വരെ | 01.04.2019 |

## 1-11 വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (Current)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4023236 | 3007016 | 68975 | 454168 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4023236 | 3500401 | *68667 | 454759* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection - PT On Res. Bldg - ന്റെ ലെഡ്ജർ) | *(477497/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

*Advance Collection Ledger (350410101) പ്രകാരം 01.04.2019 ൽ മുൻകൂർ ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് 37,164/- രൂപ മാത്രമാണ്. എന്നാൽ 30.03.2020 തീയതിയിൽ വൗച്ചർ നം. 41900413 പ്രകാരം 68,667/- രൂപ ക്രമീകരിച്ച് കാണുന്നു. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മാത്രമല്ല, 2018-19 വാർഷിക കണക്ക് പരിശോധനയിൽ 31.03.2019 ൽ 41800400 വൗച്ചർ പ്രകാരം 95,735/- രൂപ Prior Period Items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കൽപ്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത് പരാമർശിച്ചിട്ടുണ്ട്. (ഖണ്ഡിക 2.7.1)

റെസിഡൻഷ്യൽ (Arrear)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 466087 | 392751 | 77602 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 597911 * | 392751 | 77817** |

| | | | |
|---|---|---|---|
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(336618+291189=627807/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(81708/105X100)=77817 |

## 1-12 വസ്തു നികുതി (നോൺ റെസിഡൻഷ്യൽ - തൻവർഷം, കടിശ്ശിക )- ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ (Current)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5164832 | 4466421 | 129522 | 577996 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5164832 | 4459262 | 127574* | 578602** |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | **(607532/105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*Advance Collection Ledger (350410104) പ്രകാരം 01.04.2019 ൽ മുൻകൂർ ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് 34,116/- രൂപ മാത്രമാണ്. എന്നാൽ 30.03.2020 തീയതിയിൽ വൗച്ചർ നം. 41900415 പ്രകാരം 127574/- രൂപ ക്രമീകരിച്ച് കാണുന്നു. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മാത്രമല്ല, 2018-19 വാർഷിക കണക്ക് പരിശോധനയിൽ 31.03.2019 ൽ 41800401 വൗച്ചർ പ്രകാരം 198,494/- രൂപ Prior Period Items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കൽപ്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത് പരാമർശിച്ചിട്ടുണ്ട്. (ഖണ്ഡിക 2.7.2)

നോൺ-റെസിഡൻഷ്യൽ (Arrear)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1298480 | 676172 | 626634 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1347135 | 676172 | 622680 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(374799+1039693=1414492/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(653814/105X100)=622680,<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം + കടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കടിശ്ശിക | ആകെ | തൻ വർഷം | കടിശ്ശിക | ആകെ | | | തൻ വർഷം | കടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 205278 | 25329 | 230607 | 178616 | 20108 | 198724 | 3620 | | 23329 | 4106 | 28631 |
| | നോൺ-റെസിഡൻ | 262026 | 65187 | 327213 | 224226 | 33879 | 258105 | 6575 | | 29536 | 31180 | 61799 |

| | | | | | |
|---|---|---|---|---|---|
| | ഷ്യൽ | | | | |
| | ആകെ | 557820 | 456829 | | 90430 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 657137 | 458594 | 568986 | 88151 |
| | | 99317+557820 =(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies...... ലെഡ്ജർ 2018-19) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | (431910101 -State Govt. Cess/levies.. ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
2. ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.
തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 458594 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 657137 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 568986 രൂപയാണ്. {വൌച്ചർ 41900419, 41900424 (29895 + 69422 + 181949 + 21223 + 232490 + 34007 = 568986)}

## 1-14 വസ്തു നികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 174349 | 6615 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 172460 | 7159 |

## 1-15 വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 579 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വസ്തു നികുതി അഡ്വാൻസ് - "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിക്കുന്നു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 458061/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൌച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 41900442 | 31.03.2020 | 31503 |
| 2 | 41900446 | 31.03.2020 | 167734 |

നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൌച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 41900443 | 31/03/2020 | 93523 |
| 2 | 41900447 | 31/03/2020 | 165301 |

## 1-17 വരവിനങ്ങൾ - രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-18 ജേണൽ ബുക്ക് - വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-19 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | വരവിനം | ഡിമാന്റ് ചേർക്കുന്ന | ഡിമാന്റ് | രേഖപ്പെടുത്തിയ | വൌച്ചർ |
|---|---|---|---|---|---|

| നം. | | ശീർഷകം | | തീയതി | |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 910808 + 233616 | 04.06.2019 | 41900067 |
| 2. | തൊഴിൽ നികുതി (ട്രേഡേഴ്സ്) | 110200101-Profession Tax Institutions/Traders | 738610 | 04.06.2019 | 41900066 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 തൊഴിൽ നികുതി(ട്രേഡേഴ്സ്)/മുറി വാടക/ലേലം/ ഡി സി ബി തയ്യാറാക്കിയിട്ടില്ല,ഡി & ഓ വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ഡി & ഓ വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| ഡി & ഓ (രജിസ്റ്റർ പ്രകാരം) | 338160 | 332940 | രേഖപ്പെടുത്തിയിട്ടില്ല | 0 | 5220 |
| ഡി & ഓ (വാർഷിക കണക്ക് പ്രകാരം) | 332900 | 83800 | 249140 | 0 | 0 (40 രൂപ അധിക കളക്ഷൻ) |

തൊഴിൽ നികുതി(ട്രേഡേഴ്സ്), മുറി വാടക, ലേലം എന്നിവയുടെ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-21 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-18 എന്നിവയിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-23 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 14702576/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-24 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ - തത്തുല്യമായ തുക "Capital Contribution" ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിൽ നീക്കിയിരിപ്പ് 151944421 രൂപയാണ്. 31/3/2020 ലെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത് 152333143 രൂപയാണ്. തൻവർഷം കൂട്ടതലായി ചേർത്തിരിക്കുന്നത് ആകെ 388722 രൂപ മാത്രമാണ്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല എന്ന് വ്യക്തമാണ്. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-25 ജേണൽ വൌച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 297824 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 285122 |
| 280100102-Prior Period Income-profession Tax-instituions/professionals /Traders | 10290 |
| 280200201-Prior Period Income-licence Fees | (2100) |
| 280200401-Prior Period Income-Other Income | (348446) |
| 280300102-Prior Period Income -Recovery Of Revenue Written Off - Profession Tax-instituions/professionals /Traders | (10000) |
| 280800501-Prior Period- Programme Expenses | (3189) |
| 280800101-Prior Period-Establishment Expences | (9471) |

## 1-26 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-27 വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-28 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല .
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8246951/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20249678/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-29 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക |
| 1 | 320100121 | Centrally Sponsored Scheme-ICDS | 4056315 |
| 2 | 320100199 | Centrally Sponsored Schemes - Grants, Funds & Contributionsfor Specific Purpose-central Government | 34000 |
| 3. | 320100204 | Grants Funds & Contribution For Specific Purposes - Other Central Government Grants-local Area Development | 83398 |

| | | | |
|---|---|---|---|
| 4 | 320100299 | Grants, Funds & Contribution For Specific Purposes – Other Central Government Grants-other Grants | 35000 |
| 5 | 320200322 | Grants From Suchithwa Mission | 496283 |
| 6 | 320300102 | Grants, Funds & Contribution For Specific Purposes – Other Government Agencies -Jalanidhi | 2507432 |
| 7 | 320300199 | Grants, Funds & Contribution For Specific Purposes-other Government Agencies | 38648 |
| 8 | 320400199 | Grants-funds&contribution For Specific Purposes-other Financial Institutions | 1900000 |
| 9 | 320700105 | Contribution For Joint Venture Projects(for Capital Expenditure) -District Panchayat | 2248487 |
| 10 | 320700204 | Contribution For Joint Venture Projects (For Revenue Expenditure) – Block Panchayat | 1345215 |
| 11 | 320100101 | Centrally Sponsored Scheme-National Rural Employment Guarantee Act Seheme(NREGA) | 386838 |
| 12 | 320100115 | Centrally Sponsored Scheme-Total Sanitatio(TSC) | 923144 |

## 1-30 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ഹഡ്കോ വായ്പ ഇനത്തിൽ ലഭിച്ച 1,44,72,353/- തിരിച്ചടവാക്കാൻ ശേഷിക്കുന്നുണ്ട്. ടി തുകയുടെ കൃത്യത പരിശോധിക്കാൻ വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-31 സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 77078/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. ആയത് പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സാക്ഷപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-32 തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 3,07,11,549/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 1217345/- രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | ചുവന്ന മണ്ണ് അംഗൻവാടി റോഡ് കോൺക്രീറ്റ് | 254870 |
| 2 | ചെമ്പൂത്ര അംഗൻവാടി റോഡ് കോൺക്രീറ്റ് | 224590 |
| 3 | ആൽപ്പാറ പൈപ്പ്ലൈൻ റോഡ് കോൺക്രീറ്റ് | 280943 |
| 4 | ചാത്തൻകളം കനാൽ റോഡ് കോൺക്രീറ്റ് | 212210 |
| 5 | പട്ടിക്കാട് കനാൽപ്പുറം റോഡ് കോൺക്രീറ്റ് | 244732 |
| | ആകെ | 1217345 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 1217345/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 1217345/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-33 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2019-20വർഷത്തെ പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57))

| ക്രമ നം. | ശീർഷകം | ബാങ്ക് | അക്കൌണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരം 31.03.2020ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 450210106 | State Bank Of India, Pattikkad | 67344572538 | 6271875 |

| | | | | |
|---|---|---|---|---|
| 2 | 450210107 | State Bank Of India, Pattikkad, E-payment | ലഭ്യമല്ല | 225883 |
| 3 | 450230102 | Pananchery Service Co-op. Bank, Own Fund-2 | 3980 | 12963451 |
| 4 | 450250110 | Treasury Own Fund | ലഭ്യമല്ല | 19490467 |
| 5 | 450610101 | SMGB MGNREA | 40290100104174 | 386838 |
| 6 | 450610102 | SBT, MN Lakshamveedu | ലഭ്യമല്ല | 93548 |
| 7 | 450610104 | SMGB, Jalanidhi | 40290100103388 | 2507432 |
| 8 | 450610105 | SBI, Kannara, Literacy | 110554112880 | 206246 |
| 9 | 450620102 | Jalanidhi Susthira Padhadhi | ലഭ്യമല്ല | 8042 |
| 10 | 450650109 | Treasury Special TSB Joint Venture | 799013000000620 | 3593702 |

## 1-34 ഉപയോഗക്രമം മാറ്റാതെ എഫ്.എ.ആർ ചട്ടലംഘനമുള്ള വാണിജ്യകെട്ടിടം പ്രവർത്തിച്ചുവരുന്നു.

അപേക്ഷ നം.ബി3 6648/18 തി.5/7/18 പ്രകാരം ശ്രീ.കെ.പി ഔസേഫ്, കവനക്കുടിയിൽ ഹൗസ്, പട്ടിക്കാട് എന്നവരുടെ 4172 ച.മീ വിസ്തൃതിയിലുള്ള കെട്ടിടത്തിന് 3/758A മുതൽ 3/758 O വരെ കെട്ടിട നമ്പറുകൾ നൽകിയതായി കാണുന്നു. പെർമിറ്റ് നം ബി4-64/17-18 തി. 15/9/17 പ്രകാരമാണ് ഈ കെട്ടിടത്തിന് നിർമ്മാണാനുമതി അനുവദിച്ചിട്ടുള്ളത്. ആകെ 3997.19 ച.മീ വിസ്തൃതിയിലുള്ള റസിഡൻഷ്യൽ- ഗണം A1 (682.47 ച.മീ), വാണിജ്യ ആവശ്യത്തിനുള്ള – ഗണം എഫ് (3314.72 ച.മീ) കെട്ടിടത്തിനാണ് അനുമതി നല്കിയിട്ടുള്ളത്. പണി പൂർത്തീകരിച്ച് ഒക്യുപൻസി നൽകിയിട്ടുള്ളത് 4172 ച.മീ വിസ്തൃതിയിലുള്ള റസിഡൻഷ്യൽ (ഗണം എ1), വാണിജ്യ ആവശ്യത്തിനുള്ള (ഗണം എഫ്) കെട്ടിടത്തിനാണ്. ലൈസൻസ് രജിസ്റ്റർ പരിശോധനയിലും (ലൈസൻസ് നം.176/20-21), ഇന്റർനെറ്റിൽ നിന്നും, നേരിൽ കണ്ടും മനസ്സിലാകുന്നത് ഈ കെട്ടിടത്തിൽ കൺവെൻഷൻ സെന്റർ, റസ്റ്റോറന്റ്, എസി & നോൺ എസി മുറികൾ എന്നിവയാണ് പ്രവർത്തിച്ചു വരുന്നത്. കൺവെൻഷൻ സെന്റർ ഗണം ഡി യിൽ വരുന്നതും, റസ്റ്റോറന്റ്, എസി & നോൺ എസി മുറികൾ ഗണം എ 2 ഗ്രൂപ്പിൽ വരുന്നതുമാണ്. അപേക്ഷകൻ ഒക്യുപൻസി മാറ്റുന്നതിന് പെർമിറ്റ് എടുത്തിട്ടുണ്ടോയെന്ന് അറിയുന്നതിന് ഓഡിറ്റ് എൻക്വയറി 47/17.8.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ എഫ്.എ.ആർ 1.43 ആണ്. ഈ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന കൺവെൻഷൻ സെന്റർ ഗണം ഡിയിൽ വരുന്നതായതിനാൽ കെട്ടിടത്തിന്റെ അനുവദനീയമായ എഫ്.എ.ആർ കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിൽ 0.7ഉം, അധിക ഫീസോടുകൂടി 1.25 ഉം ആണ്. കെട്ടിടത്തിന്റെ പ്ലോട്ട് എരിയ 2912 ച.മീറ്ററാണ്. അതായത് അനുവദനീയമായ നിർമ്മിതിയുടെ വിസ്തൃതി 2038.4 (0.7*2912) ച.മീറ്ററും, അധിക ഫീസോടെ അനുവദനീയമായ നിർമ്മിതിയുടെ വിസ്തൃതി 3640 (2912*1.25) ച.മീറ്ററുമാണ്. ബാക്കിയുള്ള നിർമ്മിതി 532 ച.മീറ്റർ (4172-3640) അനധികൃത നിർമ്മാണവുമാണ്. എഫ്.എ.ആർ ക്രമവത്ക്കരിക്കുന്നതിന് അധിക ഫീസായി അടവാക്കേണ്ടത് 1601.6 X 5000 = 80,08,000/- രൂപയാണ്. ആയതിനാൽ ഈ കെട്ടിടത്തിന് അനുവദിച്ചിട്ടുള്ള പെർമിറ്റ്, കെട്ടിട നമ്പർ റദ്ദ് ചെയ്യേണ്ടതും, കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 വാല്യുവേഷൻ പ്രകാരം 432179/- രൂപയുടെ മരം ജീർണ്ണാവസ്ഥയിൽ

ലേല നോട്ടീസ് നം. ബി3-1229/19 തി 4/3/19 പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ വീണ്ടശ്ശേരിയിൽ 2018-ലെ പ്രളയത്തിൽ മറിഞ്ഞ് വീണ വലിയ ഈട്ടിമരം 16/3/2019-ാം തിയ്യതിയിൽ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതായി കാണുന്നു. ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ 31.1.2019-ാം തിയ്യതിയിലെ റ്റിഎ 6-8634/18 നമ്പർ വാല്യൂവേഷൻ പ്രകാരം പ്രസ്തുത മരത്തിന് 432179/- രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്. 16.3.2019-ാം തിയ്യതിയിൽ നടന്ന ലേലത്തിൽ ആരും പങ്കെടുക്കാത്തതുമൂലം ലേലം നടന്നില്ല. തുടർന്ന് 25/4/19,21/5/19 എന്നി തിയ്യതികളിൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. സെക്രട്ടറി 9/6/19-ാം തിയ്യതിയിലെ ബി3-1229/19-ാം നമ്പർ കത്ത് പ്രകാരം വാല്യുവേഷൻ തുക കുറച്ച് ലേലം നടത്തുന്നതിന് പഞ്ചായത്തിന് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് അയച്ചതായി കാണുന്നു. എന്നാൽ ഡിഡിപി 1.6.19-ാം തിയ്യതിയിലെ കത്ത് നം. ഡിഡിപിടിഎസ്ആർ/2188/19-എം തി. 21.6.19 പ്രകാരം വാല്യൂവേഷൻ കുറയ്ക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുന്നതിന് വേണ്ട രേഖകൾ ആവശ്യപ്പെട്ട് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ കത്ത് ലഭിക്കുന്നതിന് മുമ്പ് സെക്രട്ടറി കത്ത് നം-ബി3-1229/19 തി. 4.9.20 പ്രകാരം ദേശാഭിമാനി പത്രത്തിൽ ക്വട്ടേഷൻ പരസ്യം നൽകി. ക്വട്ടേഷൻ നടപടികൾ പൂർത്തിയാക്കി. ഭരണ സമിതിയുടെ 19.9.20-ാം തിയ്യതിയിലെ 4(1) തീരുമാനപ്രകാരം ക്വട്ടേഷനിൽ ഉയർന്ന തുക രേഖപ്പെടുത്തിയ ശ്രീ.ടി.പി ജെയിംസ്, തോട്ടാൻ ഹൗസ്, മണ്ണുത്തി എന്നയാളുടെ 150513/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ജി.എസ്.ടി ഉൾപ്പെടെ 176100/- രൂപയാണ് ക്വട്ടേഷൻ തുക. ഈ തുക അടവാക്കിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 26/12.8.21 നൽകി, മറുപടിയിൽ സർക്കാർ അനുമതി ലഭിക്കാത്തതിനാലും മരം കേട്ട വന്നു പോകുമെന്ന അവസ്ഥയായതിനാലുമാണ് പത്രപരസ്യം ക്വട്ടേഷൻ ക്ഷണിച്ചതെന്നും, ക്വട്ടേഷൻ എറ്റെടുത്ത ആൾ പണം അടയ്ക്കാതെ ക്വട്ടേഷൻ എറ്റെടുത്തില്ലായെന്നും, മരം ഇപ്പോഴും അവിടെതന്നെ ഉണ്ടെന്നുമാണ് മറുപടി നൽകിയത്. സർക്കാർ അനുമതി ലഭിക്കുന്നതിന് രേഖകൾ ആവശ്യപ്പെട്ടിട്ടുള്ള ഡിഡിപിയുടെ കത്തിൽ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. ക്വട്ടേഷൻ അംഗീകരിച്ച വ്യക്തി എറ്റെടുത്തില്ലായെന്നുള്ള വിവരം, അടുത്ത ഉയർന്ന ക്വട്ടേഷൻ രേഖപ്പെടുത്തിയ ആൾക്ക് ക്വട്ടേഷൻ എറ്റെടുക്കുന്നതിന് കത്ത് അയച്ചിട്ടുള്ളതായ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. മരം തൽസ്ഥാനത്ത് തന്നെ കിടക്കുന്നതായാണ് അറിയിച്ചിട്ടുള്ളത്. 3 വർഷമായി കിടക്കുന്ന മരം ജീർണ്ണാവസ്ഥയിൽ ആകുമെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥ മൂലമാണ് ഈ മരം ജീർണ്ണാവസ്ഥയിലായി തീർന്നത്. ഡി.ഡി.പിയുടെ

നിർദ്ദേശം ഉണ്ടായിട്ടുകൂടി സർക്കാരിലേക്ക് കത്തെഴുതാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. സർക്കാർ അനുമതി തേടിയിരുന്നെങ്കിൽ മരം ജീർണ്ണിച്ച് പോകുന്ന അവസ്ഥ വരില്ലായിരുന്നു. ആയതിനാൽ ഇത്തരം സംഗതികളിൽ കുറച്ചുകൂടി ഗൗരവത്തോടുകൂടി പ്രവർത്തിക്കേണ്ടതാണ്.

## 1-36 ലേലതുകയിൽ ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയില്ല

ലേല നോട്ടീസ് നം-ബി3-11739 തി 1/4/19 പ്രകാരം ഗ്രാമപഞ്ചായത്തിലെ പാഴ് വസ്തുക്കൾ 9/4/19 തിയ്യതിയിൽ ലേലം നടത്തിയിട്ടുണ്ട്. ടി.എസ് മുജീബ് റഹ്മാൻ, തട്ടാറത്ത് ഹൗസ്, കള്ളിക്കാട് എന്നയാൾ 21000/- രൂപയ്ക്ക് ലേലം എടുത്തതായി കാണുന്നു. രശീതി നം. 119060100174 തി 9.4.19 പ്രകാരമാണ് തുക അടവാക്കിയിട്ടുള്ളത്. ലേലതുകയിൽ ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയിട്ടില്ല. അതുപോലെ അസി. എഞ്ചിനീയറുടെ വാല്യൂവേഷൻ ഫയലിൽ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിററ് എൻക്വയറി 26/12.8.21 ന് നൽകി, മറുപടിയിൽ ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കുന്നതാണെന്നും, പേപ്പറുകളും കേടുവന്ന ഫ്രെയിമുകളും ആയതിനാൽ വാല്യൂവേഷൻ ചെയ്തില്ലായെന്നുമാണ് അറിയിച്ചത്. അസി. എഞ്ചിനീയറുടെ വാല്യൂവേഷൻ ഇല്ലാതെ മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇത്തരം ലേലം നടപടികളിൽ അസി. എഞ്ചിനീയറുടെ വാല്യൂവേഷൻ (ഉണ്ടെങ്കിലും/ ഇല്ലെങ്കിലും) സാക്ഷ്യ പത്രം കൂടി എടുക്കേണ്ടതാണ്. ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

അപേക്ഷ നം. 10530/30.10.18 പ്രകാരം സീനിയർ മാനേജർ, കെ.എസ്.പി.പി.എൽ, കൊച്ചി എന്ന സ്ഥാപനം കൊച്ചി – സേലം പൈപ്പ് ലൈൻ പദ്ധതി – റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്നു. ആൽപ്പാറ ജംഗ്ഷനിൽ കപ്പേളയ്ക്ക് സമീപത്തു നിന്നും വടക്കോട്ട് പോകുന്ന മണ്ടൻചിറ റോഡിലൂടെ പൈപ്പ് ലൈൻ റോഡിൽ കടന്ന് 600 മീറ്ററും, ആൽപ്പാറ-ഇന്ദിരഗാന്ധി റോഡിലൂടെ 200 മീറ്ററും നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് അപേക്ഷ നൽകിയത്. ആയതുപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ 38,16,436/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. ഭരണസമിതിയുടെ 25/3/19 -ാം തിയ്യതിയിലെ തീരുമാനം 6(1) പ്രകാരം പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി കാണുന്നു. അതിനുശേഷം കെ.എസ്.പി.പി.എൽ അപേക്ഷ നം. ബി2 3047/19 തി.8.4.19 പ്രകാരം പൈപ്പ് ലൈൻ റൂട്ടിൽ മാറ്റം ഉണ്ടെന്നും, ആയതുപ്രകാരം പൈപ്പ് ലൈൻ ഇടുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും അപേക്ഷ നൽകി. കെ.എസ്.പി.പി.എൽ അപേക്ഷ നം. ബി2/4192/19 തി. 30.5.19 പ്രകാരം പൈപ്പ് ലൈൻ റൂട്ടിന്റെ സ്കെച്ചും ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ റോഡ് കട്ടിങ്ങ് ചാർജ്ജിനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 78,10,132.59/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സെക്രട്ടറിയ്ക്ക് നൽകിയതായി കാണുന്നു. 09/07/2019 -ാം തിയ്യതിയിലെ എസ്റ്റിമേറ്റിന്മേൽ ഭരണസമിതി തീരുമാനമോ, അനുമതി തീരുമാനങ്ങളോ എടുത്തിട്ടുള്ളതായി കാണുന്നില്ല. എസ്റ്റിമേറ്റ് തുകയായ 78,10,132.59/- രൂപ അടവാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് കത്തയച്ചിട്ടുള്ളതായും കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/13.08.21 നൽകിയെങ്കിലും മറുപടി നൽകിയില്ല. ആയതിനാൽ അപേക്ഷ നൽകിയ സ്ഥാപനം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതും, ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-38 മൊബൈൽ ടവറിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

പെർമിറ്റ് നം. എ3/1422/20 തി. 17.2.20, പെർമിറ്റ് എ3/1422/20 തി. 9.3.20 എന്നിവ പ്രകാരം റിലയൻസ് ജിയോ എന്ന സ്ഥാപനത്തിന് മൊബൈൽ ടവർ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പെർമിറ്റിന്റെ കാലാവധി 8.3.21-ാം തിയ്യതിയിൽ അവസാനിച്ചിട്ടുണ്ട്. ഈ പെർമിറ്റ് നീട്ടി നൽകിയതായി കാണുന്നില്ല. അതുപോലെ തന്നെ ടവറിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയതായും കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 46/17.8.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ടവറിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപേക്ഷ നം. 1422/17.2.20, നം. 6142/7.8.20, നം. A3-8134/19.10.20, നം. 2869/2.4.19, നം. 7270/5.9.19 എന്നിവ മൊബൈൽ ടവർ നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകളാണ്. ഈ അപേക്ഷകളൊന്നും തന്നെ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുകളിൽ പ്രസ്താവിച്ച അപാകതകൾ ഈ ഫയലുകളിൽ ഉണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതാണ്.

## 1-39 കെ.പി.ബി.ആർ ചട്ടലംഘനമുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

അപേക്ഷ നം. എ3/10292/19 തി.20.12.19 പ്രകാരം മാനേജിങ്ങ് ഡയറക്ടർ, മഹാത്മ ആയുർവ്വേദിക് ഹോസ്പിറ്റൽ, ഭാരതീയ കൾച്ചറൽ & എജ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ്, കറുവേലിൽ കോംപ്ലക്സ്, പട്ടിക്കാട് എന്ന സ്ഥാപനം 277.4 ച.മീ വിസ്തൃതിയിലുള്ള ഹോസ്പിറ്റൽ നിർമ്മിക്കുന്നതിന് അപേക്ഷിച്ചിരുന്നു. പെർമിറ്റ് നം. എ3/10292/19 തി. 18.1.20 പ്രകാരം ഹോസ്പിറ്റൽ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പെർമിറ്റിൽ കെട്ടിടത്തിന്റെ പ്ലോട്ട് എരിയ 404 ച.മീറ്ററും, കവറേജ് 47.19% ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കെ.പി.ബി.ആർ ചട്ടം 2019 പ്രകാരം ഗ്രൂപ്പ് സി യിൽ വരുന്ന കെട്ടിടങ്ങളുടെ പരമാവധി കവറേജ് 45% ആണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 51/17.8.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. കെ.പി.ബി.ആർ ചട്ട ലംഘനമുള്ള പെർമിറ്റ് റദ്ദ് ചെയ്യേണ്ടതും, നിർമ്മാണ പ്രവർത്തികൾ ആരംഭിച്ച്, പൂർത്തിയാക്കിയെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

| ക്രമ. നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ടീംസ് ഗ്ലോബൽ വില്ലേജ് അക്കാദമി | I, II |
| 2 | പ്രീമെട്രിക് ഹോസ്റ്റൽ | I, II |
| 3. | ഗവ. ട്രൈബൽ സ്കൂൾ | I, II |

| | | |
|---|---|---|
| 4 | ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, പീച്ചി | I, II |
| 5 | മേസർ കോളേജ്, പട്ടിക്കാട് | I |
| 6 | എം.പി.എസ്, മുടിക്കോട് | I, II |
| 7 | ശ്രീഭദ്ര വിദ്യ മന്ദിർ | I, II |
| 8 | പോസ്റ്റോഫീസ്, ചുവന്നമണ്ണ് | I, II |
| 9 | പോസ്റ്റോഫീസ്, പൂവ്വൻച്ചിറ | I, II |
| 10 | പോസ്റ്റോഫീസ്, പട്ടിക്കാട് | II |
| 11 | പോസ്റ്റോഫീസ്, കണ്ണാറ | I, II |
| 12 | പോസ്റ്റോഫീസ്, ചെന്നായ്പ്പാറ | I, II |
| 13 | വാണിയംപ്പാറ ക്ഷീരോത്പ്പാദന സഹകരണ സംഘം | I, II |
| 14 | ക്ഷീരോത്പ്പാദന സഹകരണ സംഘം, പൂവ്വൻച്ചിറ | I, II |
| 15 | ക്ഷീരോത്പ്പാദന സഹകരണ സംഘം, ചാലംപ്പാടം | I, II |
| 16 | ക്ഷീരോത്പ്പാദന സഹകരണ സംഘം, മാരയ്ക്കൽ | I, II |
| 17 | ക്ഷീരോത്പ്പാദന സഹകരണ സംഘം, മലമുക്ക് | I, II |
| 18 | ക്ഷീരോത്പ്പാദന സഹകരണ സംഘം, ചുവന്നമണ്ണ് | I, II |
| 19 | സീനിയർ വെറ്ററിനറി സർജൻ, വാണിയംപ്പാറ | II |
| 20 | മുത്തൂറ്റ് ഫിൻകോപ്പ്, വിലങ്ങന്നൂർ | I, II |
| 21 | ദുർഗ്ഗ കുറീസ് | I, II |
| 22 | ധനശക്തി ഫിനാൻസിയേഴ്സ് | II |
| 23 | ഇസാഫ് ബാങ്ക് | II |
| 24 | അസി.എക്സി.എഞ്ചിനീയർ, KERI | II |
| 25 | ആശാരിക്കാട് ഗ്രാമീണ സഹകരണ സംഘം | II |
| 26 | കേരള വാട്ടർ അതോറിറ്റി | II |
| 27 | വില്ലേജ് ഓഫീസ് | II |
| 28 | KSEB, Pattikad | I |
| 29 | MNREGS | II |
| 30 | KFRI | II |
| 31 | BSNL | I, II |
| 32 | INDIAN COFFEE HOUSE | I, II |
| 33 | BPCL | I, II |
| 34 | ആശീർവാദ് മൈക്രോ ഫിനാൻസ് | II |
| 35 | ക്ഷീരോത്പ്പാദന സഹകരണ സംഘം,പാണഞ്ചേരി | II |

മുകളിൽ പ്രസ്താവിച്ചിട്ടുള്ള സ്ഥാപനങ്ങളൊന്നും തന്നെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.ആയതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പലിശസഹിതം ഈടാക്കേണ്ടതാണ്.

## 1-41 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1) ആശിർവാദ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് I, II

2) ക്ഷീരോൽപാദന സഹകരണ സംഘം I, II

3) ഇന്ത്യൻ കോഫീ ഹൗസ് I, II

4) ബി.പി.സി എൽ I, II

5) ശ്രീഭദ്ര വിദ്യാമന്ദിർ I, II

6) തൈക്കാട്ട്മൂസ് വൈദ്യരത്നം I, II

7) ധർമ്മോദയം ഹോസ്പിറ്റൽ I, II

8) സെൻറ് ബോസിൽ ഗ്രാനൈറ്റ് ക്വാറി I, II

9) സെൻറ് ബോസിൽ ഗ്രാനൈറ്റ് ക്രഷർ I, II

10) ചുവന്നമണ്ണ് ക്ഷീരോത്പാദന സഹകരണ സംഘം I, II

11) ചാലം പാടം ക്ഷീരോത്പാദന സഹകരണ സംഘം I, II

12) ബി.എസ്.എൻ.എൽ I, II

13) എസ്.ബി.ഐ പീച്ചി I, II

14) എം.ജി.എം ഓട്ടോസ്, മാരക്കൽ I, II

15) ഒമോഗ ഓട്ടോസ്, മാരക്കൽ I, II

16) തൃശ്ശൂർ ഓട്ടോ സ്പെയേഴ്സ്, മാരക്കൽ I, II

17) മാമ്പ്ര ടയർസ്, മാരക്കൽ I, II

18) ഹൈട്ടെക്ക് ഏജൻസ്, മാരക്കൽ I, II

19) മാരയ്ക്കൽ ക്ഷീരോത്പാദന സഹകരണ സംഘം I, II

20) മുല്ലമുക്ക് ക്ഷീരോത്പാദന സഹകരണ സംഘം I, II

21) എക്സൽ പബ്ലിഷേഴ്സ് I, II

22) ലൈഫ് മെഡിക്കൽ സെന്റർ, മുടിക്കോട് I, II

23) ആലീസ് ഹോസ്പിറ്റൽ I, II

24) മാക്സ് വാല്യൂ ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് I, II

25) എസ്.ബി.ഐ പട്ടിക്കാട് I, II

26) ആശാരിക്കാട് ഗ്രാമീണ സഹകരണസംഘം I, II

27) സി.എസ്.ബി. പട്ടിക്കാട് I, II

28) കെ.എസ്.എഫ്.ഇ, പട്ടിക്കാട് I, II

29) പൂരം ഫിൻ സെർവ് പ്രൈവറ്റ് ലിമിറ്റഡ് I, II

30) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് I, II

31) സപ്ലൈക്കോ I, II

32) ഇസാഫ് I, II

33) കെ.എസ്.ഇ.ബി I, II

34) തൃശ്ശൂർ അർബൺ കോപ്പറേറ്റീവ് ബാങ്ക് I, II

35) കല്യാൺ ജ്വല്ലേഴ്സ് I, II

36) മണപ്പുറം ഫിനാൻസ് I, II

37) ധനശക്തി ഫിനാൻസ് I, II

38) ഇസാഫ് പബ്ലിക്കേഷൻസ് I, II

39) ഫെഡറൽ ബാങ്ക് I, II

40) കേരള ഗ്രാമീൺ ബാങ്ക് I, II

41) കൊശമറ്റം ഫിനാൻസ് I, II

42) മുത്തൂറ്റ് ഫിൻ കോർപ്പ് I, II

43) റിലയൻസ് റീട്ടെയിൽ I, II

44) വെസ്റ്റേൺ ലോൺസ് മറിയൽ എസ്റ്റേറ്റ് I, II

45) ഗുരുദേവ ഗ്യാസ് ഏജൻസിസ് I, II

46) ദുർഗ്ഗ കുറീസ് I, II

47) ലാലീസ് പെപ്പർ മാർക്കറ്റ് I, II

48) മുത്തൂറ്റ് മിനി ഫിനാൻസ് I, II

49) പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് I, II

50) ഇസാഫ് സൂപ്പർ മാർക്കറ്റ് I, II

51) ഹോട്ടൽ ഹൈവേ പാലസ് I, II

52) ഹോട്ടൽ ഹൈവേ പാലസ് I, II

53) പീച്ചീസ് ഫാർമസി I, II

54) പീച്ചി ഹോസ്പിറ്റൽ I, II

55) പ്രീമെട്രിക്ക് ഹോസ്റ്റൽ പീച്ചി I, II

56) പൂവ്വൻചിറ ക്ഷീരോത്പാദന സഹകരണ സംഘം I, II

57) ടീം ഗ്ലോബൽ വില്ലേജ് അക്കാദമി തളിക്കോട് I, II

58) താണിപ്പാടം മിൽക്ക് സൊസൈറ്റി I, II

59) കോംഫോംസ് ലിമിറ്റഡ്, വാണിയംപാറ I, II

60) പഞ്ചാബ് നാഷണൽ ബാങ്ക്, വാണിയംപാറ I, II

61) വാണിയംപാറ റബർ എസ്റ്റേറ്റ് I, II

62) വാണിയംപാറ ക്ഷീരോത്പാദന സഹകരണ സംഘം I, II

63) മെക്കാട്ടിൽ ട്രേഡിങ് കമ്പനി, വഴക്കംപാറ I, II

64) മെക്കാട്ടിൽ ഏജൻസീസ് I, II

65) വഴക്കംപാറ ക്ഷീരോത്പാദന സഹകരണസംഘം I, II

66) മുത്തുറ്റ് വിലങ്ങന്നൂർ I, II

67) വിലങ്ങന്നൂർ ക്ഷീരോത്പാദന സഹകരണസംഘം I, II

68) എസ്.എം.എൽ ഫിനാൻസ് I, II

69) കെ.റ്റി.ഡി.സി I, II

രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതു മൂലം മുകളിൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത പക്ഷം ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 വനിതകൾക്ക് കറവ പശു വളർത്തൽ പദ്ധതി ജനറൽ - സബ്സിഡി മാർഗരേഖ നിബന്ധനകൾ പാലിച്ചിട്ടില്ല

പ്രോജക്ട് - വനിതകൾക്ക് കറവ പശു വളർത്തൽ പദ്ധതി ജനറൽ (19/2019-20)

നിർവ്വഹണം - വെറ്ററനറി സർജൻ

അടങ്കൽ തുക & ചെലവ് - 1450000 (വികസന ഫണ്ട്)

വനിതകൾക്ക് തൊഴിൽ നേട്ടത്തിന് വേണ്ടി ഗുണഭോക്തൃ വിഹിതമായി 25000/- രൂപ ലോണായി എടുക്കുകയും, സബ്സിഡി തുക 25000/- രൂപ ലോൺ അക്കൌണ്ടിൽ നിക്ഷേപിക്കുകയും, 50000/- രൂപ വിലയുള്ള പശുവിനെ വാങ്ങുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൻ പ്രകാരം 58 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 25000/- രൂപ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയ്യതി | തുക | തുക നൽകിയത് |
|---|---|---|---|
| 1 | P2/19-20/17.8.19 | 300000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 2 | P5/19-20/17.8.19 | 150000 | ലത (ഗുണഭോക്താവ്) – 25000<br>പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് – 100000<br>ആശാരിക്കാട് ഗ്രാമ സഹകരണ സംഘം ലി. – 25000 |
| 3 | P5/19-20/26.8.19 | 150000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 4 | P8/19-20/28.9.19 | 150000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 5 | P9/19-20/27.9.19 | 50000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 6 | P10/19-20 /27.9.19 | 25000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 7 | P12/19-20 /20.9.19 | 125000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 8 | P13/19-20 /25.10.19 | 150000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് – 125000<br>പീച്ചി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് – 25000 |
| 9 | P15/19-20/14.11.19 | 50000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |

| | | | |
|---|---|---|---|
| 10 | P18/19-20/19.11.19 | 150000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 11 | P20/19-20 /11.12.19 | 100000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 12 | P23/19-20 /16.1.20 | 50000 | പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| | ആകെ | 1450000 | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗരേഖ സ.ഉ (കൈ) 22/2018 /ത സ്വ ഭ വ തീ.14/2/2018 ഖ. 6.2 കുറിപ്പ് 3 ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഗുണഭോക്താക്കൾ ഉൾപ്പെട്ട് സമിതി നേരിട്ട് കറവപ്പശുക്കളെ വാങ്ങിയിട്ടില്ലയെന്നും ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയും നിർവഹണ ഉദ്യോഗസ്ഥൻ പ്രായം, ഗുണനിലവാരം എന്നിവ സർട്ടിഫൈ ചെയ്ത് നൽകുകയുമാണ് ചെയ്തിട്ടുള്ളത് എന്നാണ് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധനയിൽ കറവപ്പശുക്കളെ വാങ്ങുന്ന സംബന്ധിച്ച തീരുമാനങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല. പദ്ധതി രൂപീകരണ ഫോറത്തിൽ പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് പൊതുമാർക്കറ്റിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ സമിതി രൂപീകരിച്ചിരുന്നതായി കാണുന്നില്ല. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ വാങ്ങൽ സംബന്ധിച്ച് അംഗീകാരം നേടിയിട്ടില്ല.

2. മേൽ ഉത്തരവിലെ കുറിപ്പ് 5 ൽ ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതി പ്രകാരം സബ്സിഡി തുക പാണഞ്ചേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ആശാരിക്കാട് ഗ്രാമ സഹകരണ സംഘം ലി. (25000/-), പീച്ചി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് (25000/-), ലത എന്ന ഗുണഭോക്താവിനും (25000/-) നേരിട്ട് നൽകിയിട്ടുള്ളത്. ഉരുക്കളെ വിൽപ്പന നടത്തിയവരുടെ അക്കൌണ്ടിലേക്ക് തുക കൈമാറി എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. ലോൺ നൽകിയ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ലത എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് പണം നൽകിയിട്ടുള്ളത്. ഇങ്ങനെ നൽകാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. ടി പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട്, കംപ്ലീഷൻ റിപ്പോർട്ട് എന്നിവയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 27/13-08-21 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ രേഖകൾ ലഭ്യമാക്കുംവരെ ചെലവ് തുക 1450000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-43 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

I) വാഹന ഉപയോഗത്തെ സംബന്ധിച്ച് ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ, തീ. 30.06.2007, സർക്കുലർ നം. 41/2008/ധനം, തീ. 02.08.2008 എന്നിവ പ്രകാരം നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാഹനമായ KL-8/AN-9409 മഹീന്ദ്ര ബോലേറോയുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

2) വാഹന കസ്റ്റോഡിയനായ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3) യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

4) ഇന്ധനം നിറക്കുന്നത് രേഖപ്പെടുത്തുന്നില്ല. ഇന്ധനം ഫുൾ ടാങ്ക് നിറയ്ക്കണമെന്നും ആയത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്നുമുള്ള നിബന്ധന പാലിക്കപ്പെടുന്നില്ല.

5) വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയോ, പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

II) പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന്റെ ലോഗ്ബുക്കിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

നിയമാനുസരണം ലോഗ്ബുക്ക് എഴുതേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-44 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രൊജക്ട് നം. 191/2019-20, ജനറൽ വിഭാഗം രോഗികൾക്ക് മരുന്ന് വാങ്ങൽ, ചെലവ് തുക – 2,00,000/-

വൗച്ചർ നം. 21901503/12.02.2020, തുക – 1,00,000/-

വൗച്ചർ നം. 21900883/17.08.2019, തുക – 42,489/-

വൗച്ചർ നം. 21901592/08.01.2020, തുക – 57,511/-

പ്രൊഫോർമ ഇൻവോയ്സ് നം. PRF-709/12.08.2019 പ്രകാരം 42,489/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയതിൽ 6,937/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

2) പ്രൊജക്ട് നം. 17/2019-20, സാന്ത്വന പരിചരണ പരിപാടി, ചെലവ് തുക – 10,25,000/-

കെ.എം.എസ്.സി.എല്ലിന് പ്രൊഫോർമ ഇൻവോയ്സ് നം. PRF-128/31.05.2019 പ്രകാരം 1,30,185/- രൂപ നൽകിയതിൽ 36,926/- രൂപയുടെയും പ്രൊഫോർമ ഇൻവോയ്സ് നം. PRF-4789/21.02.2020 പ്രകാരം 1,00,000/- രൂപ നൽകിയതിൽ 5,286/- രൂപയുടെയും മരുന്ന് ലഭ്യമായിട്ടില്ല.

3) പ്രൊജക്ട് നം. 195/2019-20, ജീവിത ശൈലീ രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ, ചെലവ് തുക – 1,99,973/-, (വൗച്ചർ നം. 21901504/12.02.2020, തുക – 1,00,000/-, വൗച്ചർ നം. 21900884/17.09.2019, തുക – 99,973/-)

പ്രൊഫോർമ ഇൻവോയ്സ് നം. PRF-708/12.08.2019 പ്രകാരം 99,973/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയതിൽ 15,323/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

4) പ്രൊജക്ട് നം. 186/2019-20, ജനറൽ വിഭാഗം രോഗികൾക്ക് മരുന്ന് വാങ്ങൽ, ചെലവ് തുക - 2,00,000/-, വൗച്ചർ നം. 21900926/15.10.2019.

പ്രൊഫോർമ ഇൻവോയ്സ് നം. PRF-663/08.08.2019 പ്രകാരം 2,00,000/- രൂപ കെ.എം.എസ്.സി.എല്ലിന് നൽകിയതിൽ 35,749/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-45 ശുചിത്വ കക്കൂസ് - തുക അധികം അനുവദിച്ചു

പ്രോജക്ട് നമ്പർ. 443/19-20

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

പ്രോജക്ട് പ്രകാരം ശുചിത്വ കക്കൂസ് – റിട്രോഫിറ്റിംഗിനായി 13 ഗുണഭോക്താകൾക്ക് 9250/-രൂപ നിരക്കിൽ തുക അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ 21.7.2018 ലെ സർക്കുലർ നം 334/ഡിസി/1/18 തസ്വഭവ പ്രകാരം ടി പ്രവൃത്തിക്ക് ചെലവു ചെയ്യാവുന്ന പരമാവധി തുക 9240/- രൂപയാണ്. ഓഡിറ്റ് എൻക്വയറി (നം 14 തിയതി. 11 .8.21) നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക തിരിച്ചടവാക്കി (രശീതി നം. 121240100962). സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-46 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി (എസ്.ടി), ലൈഫ് ഭവന പദ്ധതി (എസ്.സി) എന്നീ പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി |
|---|---|---|---|
| 1 | So25/19-20 | സംഗീത സന്തോഷ് മലയൻ ഹൗസ് | 1.12.2018 |
| | | രാജീവ് പ്ലാത്തോട്ടിൽ | 21.7.2019 |
| | | ശാന്ത തോട് കാട് | 4.3.2019 |
| | 24/19-20 | സുകമാരി കൊല്ലയിൽ | 5.3.2020 |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി)- ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.

അഡ്വാൻസ് ഇനത്തിൽ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പ്രൊജക്ട് നം. | ഗുണഭോക്താവ് | ബിൽ നം/തിയതി | തുക |
|---|---|---|---|
| 22/19-20 | ബിന്ദു രവി, പാലത്തുപറമ്പിലിൽ | 10/2019-20 14.10.2019 | 20000 |
| 22/19-20 | തങ്കകണ്ണൻ, മനക്കപറമ്പിൽ | 19/2019-20 28.11.2019 | 20000 |

പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല. 15,93,647/- രൂപ തടസ്സം

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | വൗച്ചർ നം/ബിൽ നം/തിയതി | തുക /തുക കൈമാറിയത് | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 93/19-20<br>എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 22/19-20<br>27.3.20 | 22,703<br>കെൽട്രോൺ | കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ബിൽ, ഗുണഭോക്താവായ വിപിന് മറ്റു വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, ലാപ് ടോപ് കൈപ്പറ്റിയതിന്റെ രേഖകൾ |
| 2 | 96/19-20<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ | 2190513/<br>2.1.20 | 3,50,000<br>ആർട്ട്ക്കോ | ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, ഫർണീച്ചർ (70 സ്റ്റഡി ടേബിൾ & 70 ചെയർ) സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ |
| 3 | 156/19-20<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ | 21901514/<br>2.1.20 | 1,00,000<br>ആർട്ട്ക്കോ | ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, ഫർണീച്ചർ (20 സ്റ്റഡി ടേബിൾ & 20 ചെയർ) സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ |
| 4 | 161/19-20<br>ബാല സൗഹൃദ പഞ്ചായത്ത് സ്കൂളുകൾക്ക് ഫർണീച്ചർ | 21901517/<br>2.1.20 | 49,576<br>ആർട്ട്ക്കോ | ആർട്ട്ക്കോയിൽ നിന്നും ഇൻവോയ്സ് നം. 290 തി. 28.12.19 പ്രകാരം 7 കമ്പ്യൂട്ടർ ഡ്യുവൽ ഡസ്ക് വാങ്ങിയിട്ടുണ്ട്. അവ വിതരണം ചെയ്തതിന്റെ രേഖകൾ |
| 5 | So296/19-20<br>എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 3/11.7.19 | 4,96,782 | ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, 70ലാപ് ടോപ്പ്സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ |
| | | 4/11.7.19 | 4,96,782 | |
| | | | ഷാർപ്പ് സിസ്റ്റംസ് & സർവ്വീസസ് | |
| 6 | So300/19-20<br>ബാല സൗഹൃദ പഞ്ചായത്ത് സർക്കാർ സ്കൂളുകളിലേക്ക് ഉപകരണങ്ങൾ | 21900873/<br>8.8.19 | 77,804<br>കേരള ഐടി മിഷൻ | കേരള ഐടി മിഷന് ഉക ഏത് ആവശ്യത്തിനാണ് നൽകിയതെന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ചെലവിനാധികാരികമായ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| | | ആകെ | 15,93,647 | |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 54 തീയതി. 18.8.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കും വരെ 15,93,647/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-49 അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി - ട്രാൻസ്പോർട്ടിങ്ങ് ചാർജിനു പുറമേ ലോഡിങ്ങ്, അൺലോഡിങ്ങ് ചാർജ് നൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 87/20 പ്രകാരം നടപ്പാക്കിയ അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി എന്ന പ്രോജക്ടിൽ താഴെ പറയും പ്രകാരം 950 രൂപ ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ് ഇനത്തിൽ

നൽകിയിട്ടുണ്ട്.

കേന്ദ്ര വിഹിതം ചെക്ക് നമ്പർ 757640/19.10.2019 തുക 17553/-

ട്രാൻസ്പോർട്ടിങ്ങ് ചാർജ് 7379 കി.ഗ്രാം @ 2.25/kg = 16603

ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ് = 950

---------

17553

ഉസ്മാൻ എന്നയാളുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാർ പ്രകാരം ട്രാൻസ്പോർട്ടിങ്ങ് ചാർജ് മാത്രമേ നൽകേണ്ടതുള്ളൂ. കരാറിനു വിരുദ്ധമായി 950 രൂപ ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ്ജിനത്തിൽ നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/10.8.2021 പ്രകാരം ആവശ്യപ്പെട്ടതിന്, സർക്കാർ അനുവദിച്ച WBNP അരി മാവേലി സ്റ്റോറിൽ നിന്നും അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജാണ് 950 രൂപ എന്നും മാവേലി സ്റ്റോറിൽ നിന്നും ഈ അരി എടുത്ത് അംഗൻവാടിയിലേക്ക് മാറ്റിയതിനുള്ള കയറ്റിറക്ക് കൂലിയാണെന്നും ഒട്ടും വ്യക്തതയില്ലാത്ത മറുപടിയാണ് നൽകിയത്. കൂടാതെ ഈ നടപടിക്കായി പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയിരുന്നതായും പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതായി പറഞ്ഞതനുസരിച്ചാണ് തുക നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയതിന്റെയും തീരുമാനമെടുത്തതിന്റേയും രേഖകളൊന്നും ഓഡിറ്റിൽ ലഭ്യമാക്കിയില്ല. കരാറിന് വിരുദ്ധമായി ട്രാൻസ്പോർട്ടേഷൻ ചാർജിനു പുറമേ ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ്ജിനത്തിൽ നൽകിയ 950 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി കേന്ദ്ര ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-50 വയോജന സംഗമം - ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 200/20 പ്രകാരം നടപ്പാക്കിയ വയോജന സംഗമം എന്ന പ്രോജക്ടിനായി വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും ട്രഷറി ബിൽ നമ്പർ 12/17.10.19 പ്രകാരം 39530 രൂപ ചെലവഴിച്ചിട്ടുണ്ട്. തൃപ്തി കുടുംബശ്രീ കാന്റീൻ, പാണഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 280 പേർക്ക് ഊണ്, ചായ എന്നിവ വാങ്ങിയതിനും കസേര, മേശ, മൈക്ക് തുടങ്ങിയവയുടെ വാടക ഇനത്തിലുമാണ് തുക ചെലവഴിച്ചത്. ഇങ്ങനെ ഒരു പരിപാടി സംഘടിപ്പിച്ചതു സംബന്ധിച്ച നോട്ടീസ്, പരിപാടിയുടെ വിശദവിവരങ്ങൾ, ചടങ്ങിന്റെ ഫോട്ടോ മുതലായവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ ഏത് സർക്കാർ ഉത്തരവിന്റ അടിസ്ഥാനത്തിലാണ് ഇത്തരം ഭക്ഷണ വിതരണ പരിപാടി നടത്തിയത് എന്ന് വിശദമാക്കിയിട്ടില്ല. മുകളിൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/10.8.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി, പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പെട്ടെന്ന് ചെയ്യേണ്ടി വന്നതിനാൽ ബാനർ മാത്രമേ തയ്യാറാക്കാൻ കഴിഞ്ഞുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ബാനറിന്റെ ഫോട്ടോയും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വയോജനങ്ങൾക്ക് ഭക്ഷണം നൽകുന്നതിനു വേണ്ടി മാത്രം ഇത്തരത്തിൽ ഒരു പ്രോജക്ട് നടപ്പാക്കാമെന്ന് 13-ാം പദ്ധതിയുടെ പദ്ധതി മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ പറഞ്ഞിട്ടില്ല. മുകളിൽ പറഞ്ഞ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭിക്കുന്നതുവരെയും വയോജന സംഗമം നടത്തിയ തീയതി, സ്ഥലം, സമയം, ചർച്ച ചെയ്ത വിഷയങ്ങൾ എന്നിവ സംബന്ധിച്ച വിശ്വാസ യോഗ്യമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതു വരെയും ചെലവ് തുക 39530/- തടസ്സപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതും ആയത് സർച്ചാർജ് നടപടികളിലൂടെ ഈടാക്കാൻ ശുപാർശ ചെയ്യുന്നതുമായിരിക്കും.

## 1-51 താളിക്കോട് കുടിവെള്ള പദ്ധതി - റെയ്ഡ്കോ യ്ക്ക് തുക നൽകൽ - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 449/20 പ്രകാരം നടപ്പാക്കിയ താളിക്കോട് കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 85054 രൂപ റെയ്ഡ്കോ കണ്ണൂർ എന്ന സ്ഥാപനത്തിന് വൗച്ചർ നമ്പർ 21901379/17.2.2020 പ്രകാരം നൽകിയിട്ടുണ്ട്. താഴെ പറയുന്ന ഇൻവോയ്സ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇനം | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | പിവിസി പൈപ്പ് | 19292/ തീയതി ഇല്ല | 55770 |
| 2 | ഹോസ് | 04212/22.4.2002 | 660 |
| 3 | 5 എച്ച്.പി. മോട്ടോർ | 7059/22.04.02 | 28624 |
| | | ആകെ | 85054 |

മേൽപറഞ്ഞ ഇൻവോയ്സ് പ്രകാരം വാങ്ങിയ മോട്ടോറിന്റേയും അനുബന്ധ സാധനങ്ങളുടേയും വില റെയ്ഡ്കോയ്ക്ക് ലഭിച്ചിട്ടില്ല എന്ന് കാണിച്ച് തിരുവനന്തപുരം കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ മുൻപാകെ റെയ്ഡ്കോ ഫയൽ ചെയ്ത കേസിൽ രജിസ്ട്രാറുടെ 29.12.2017-ലെ ARC No.490/2016 നമ്പർ ഉത്തരവു പ്രകാരം 26.12.2015-വരെയുള്ള മുതലും പലിശയും അടക്കം 183933 രൂപ അടക്കുവാൻ വിധി വന്നതനുസരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 17.4.2018- ലെ 5/5 നമ്പർ തീരുമാനപ്രകാരം സർക്കാരിൽ നിന്നും അനുമതി വാങ്ങി മേൽപ്രകാരമുള്ള തുക നൽകുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്രകാരമുള്ള അനുമതി ലഭ്യമാക്കാതെ തന്നെ തൃശ്ശൂർ ഡി.ഡി.പി.യുടെ 27.01.2020-ലെ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 85054 രൂപ റെയ്ഡ്കോയ്ക്ക് അടവാക്കി. ഈ ഇടപാട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് കമ്മിറ്റി സർക്കാർ അനുമതി ലഭ്യമാക്കി മാത്രം തുക നൽകുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും ഇപ്രകാരമുള്ള അനുമതി ഇല്ലാതെ തന്നെ തുക നൽകി.

2. 2002-ൽ വാങ്ങി എന്ന് പറയപ്പെടുന്ന സാധനങ്ങളുടെ വില റെയ്ഡ്കോയ്ക്ക് നൽകുവാൻ ഇത്രയും കാലതാമസം വന്നതിന് കാരണം എന്താണ് എന്ന് അന്വേഷിക്കുവാനോ കണ്ടെത്തുവാനോ ശ്രമിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ ഇല്ല.

3. യഥാർത്ഥത്തിൽ ഇത്തരം വാങ്ങൽ പഞ്ചായത്ത് നടത്തിയിട്ടുണ്ടോ എന്നും അതിന് പണം നൽകിയിരുന്നോ എന്നും ഉറപ്പാക്കാനുള്ള യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അക്കാലത്തെ നിർവ്വഹണ ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്താനോ അവരിൽ നിന്നും മറുപടി ലഭ്യമാക്കാനോ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

4. സഹകരണ സൊസൈറ്റികളുടെ രജിസ്ട്രാർ മുൻപാകെയുള്ള ഈ കേസിൽ പഞ്ചായത്തിനെ പ്രതിരോധിക്കുവാനോ, പഞ്ചായത്തിന്റെ വാദങ്ങൾ അവതരിപ്പിക്കുന്നതിനോ ആരെയും ചുമതലപ്പെടുത്തിയാതായി കാണുന്നില്ല.

5. വിധി പ്രകാരം 26.12.2015-വരെയുള്ള മുതലും പലിശയും അടക്കം 183933 രൂപയാണ് അടവാക്കേണ്ടത്. എന്നാൽ 85054 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. അതായത് പലിശ അടവാക്കിയിട്ടില്ല. ഇത്തരത്തിൽ പലിശ ഒഴിവാക്കി തന്നതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 9/10.8.2021 പ്രകാരം ആവശ്യപ്പെട്ടതിന് താഴെ പറയുന്ന മറുപടി നൽകിയിട്ടുണ്ട്.

1. തുക അടവാക്കുന്നതിന് അനുമതിക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. ജപ്തി നടപടികൾ ഒഴിവാക്കുന്നതിനാണ് തുക അടവാക്കിയത്.

3. പലിശ ഒഴിവാക്കി ബിൽ തുക മാത്രം അടച്ചാൽ മതിയെന്ന് റെയ്ഡ്കോ അധികൃതർ അറിയിച്ചതിനാലാണ് ബിൽ തുക മാത്രം അടവാക്കിയത്.

എന്നാൽ പലിശ ഒഴിവാക്കി എന്ന് അറിയിച്ചുകൊണ്ടുള്ള യാതൊരു രേഖയും റെയ്ഡ്കോ അധികൃതർ നൽകിയിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ കാണുന്നു. പലിശ ഒഴിവാക്കുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ റെയ്ഡ്കോയുമായി ധാരണയുണ്ടാക്കി സർക്കാർ അനുമതിയോടെ തുക അടവാക്കേണ്ടതായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. അല്ലാത്ത പക്ഷം ഇതുപോലെ വർഷങ്ങൾ കഴിഞ്ഞ് വീണ്ടും റെയ്ഡ്കോ അവകാശവാദവുമായി വന്നാൽ പഞ്ചായത്തിന് തുക അടവാക്കുകയല്ലാതെ മറ്റൊരു നടപടിയും എടുക്കാൻ സാധിക്കില്ല.

മേൽപ്രകാരം 85054/- രൂപ റെയ്ഡ്കോ-യ്ക്ക് നൽകിയതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-52 വിവിധ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങൽ - 1784 രൂപ കെൽട്രോണിന് അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 27/20 പ്രകാരം നടപ്പാക്കിയ വിവിധ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങൽ എന്ന പ്രോജക്ടിനു വേണ്ടി തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 21900468/13.8.19 പ്രകാരം 212316 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സെൻട്രലൈസ്ഡ് പ്രൊക്യൂവർമെന്റ് & റേറ്റ് കോൺട്രാക്ട് സിസ്റ്റം വഴി 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന് കെൽട്രോണിന്റെ 23.11.2019-ലെ ITP/07411/19-20 പ്രകാരമുള്ള 210532 രൂപയുടെ ഇൻവോയ്സ് ലഭിച്ചതായി കാണുന്നു. ബാക്കിയുള്ള 1784 രൂപയുടെ ചെലവിന്റെ വിവരം ഫയലിൽ ലഭ്യമല്ല. മേൽപറഞ്ഞ ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/10.8.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അധികം നൽകിയ തുക ഈടാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 1784 രൂപ കെൽട്രോണിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-53 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | വൗച്ചർ നമ്പർ/തീയതി | ഫണ്ടിനം | തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | 549/20 തമ്പുരാട്ടിപ്പറമ്പ് മണ്ടൻചിറ റോഡ് - വനം വകുപ്പിന് തുക കൈമാറൽ | 21901402/ 27.2.2020 | തനത് ഫണ്ട് | 338040 | വനം വകുപ്പിന്റെ കൈപ്പറ്റ് രസീത് |
| 2 | 446/20 വയോമിത്രം ഗ്രാമപഞ്ചായത്ത് വിഹിതം | 21900919/12.10.2019 | പൊതു വിഭാഗം സാധാരണ | 500000 | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യ പത്രം |
| 3 | 303/20 എബിസി പ്രോജക്ട് വിഹിതം | 21900835/ 21.7.19 21901567/ 17.12.19 | പൊതു വിഭാഗം സാധാരണ | 210000 | 100 നായ്ക്കളെ വന്ധീകരിക്കുന്നതിനുള്ള തുക കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. കുടുംബശ്രീയുടെ |

| | | | | | |
|---|---|---|---|---|---|
| | കൈമാറൽ | | | | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യ പത്രം |
| 4 | 302/20 ക്യാൻ തൃശ്ശൂർ പദ്ധതി വിഹിതം നൽകൽ | 21900918/ 12.10.19 | പൊതു വിഭാഗം സാധാരണ | 80000 | തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യ പത്രം |
| 5 | 4/20 ഐകെഎം വിഹിതം നൽകൽ | 21901181/ 24.10.19 | പൊതു വിഭാഗം സാധാരണ | 224207 | ഐകെഎം-ന്റെ കൈപ്പറ്റ് രസീത് |
| 6 | 3/20 എസ്.എസ്.എ വിഹിതം നൽകൽ | 21900843/ 20.7.19 | പൊതു വിഭാഗം സാധാരണ | 1550000 | എസ്.എസ്.എ യുടെ വിനിയോഗ സാക്ഷ്യ പത്രം |
| 7 | 273/20 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21900802/ 1.6.2019 | ധനകാര്യ കമ്മീഷൻ | 499436 | കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ്, എഗ്രിമെന്റ്, കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യ പത്രം |
| 8 | 5/20 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21900418/27.7.19 | തനത് ഫണ്ട് | 164610 | കെഎസ്ഇബിയുടെ വിനിയോഗ സാക്ഷ്യ പത്രം |
| 9 | - ടി - | 21901497/ 26.12.19 | ധനകാര്യ കമ്മീഷൻ | 247844 | കെഎസ്ഇബി-യുടെ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യ പത്രം |
| 10 | - ടി - | 21901496/26.12.19 | ധനകാര്യ കമ്മീഷൻ | 52156 | കെഎസ്ഇബി-യുടെ വിനിയോഗ സാക്ഷ്യ പത്രം |
| 11 | 289/20 സ്ട്രീറ്റ് ലൈറ്റ് റിപ്പയറിങ്ങിന് ഉപകരണങ്ങൾ വാങ്ങൽ | 21900562/5.9.19 | തനത് ഫണ്ട് | 76095 | ഇലക്ട്രോമെറ്റ് ട്രേഡിങ്ങ് കോർപ്പറേഷൻ ആലുവ യുടെ ഇൻവോയ്സ്, കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ |
| 12 | 249/20 ആശ്രയ പദ്ധതി | 21901512/ 2.1.2020 | പൊതു വിഭാഗം സാധാരണ | 200000 | കുടുംബശ്രീയുടെ കൈപ്പറ്റ് രസീത്, വിനിയോഗ വിവരം |
| 13 | 291/20 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ | 21900823/ 28.6.19 | ധനകാര്യകമ്മീഷൻ | 97000 | ചെലവിന്റെ വിശദാംശങ്ങൾ |
| 14 | - ടി - | ലഭ്യമല്ല | തനത് | 201500 | ചെലവിന്റെ വിശദാംശങ്ങൾ |
| | ആകെ | | | 4440888 | |

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 15/16.8.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ ചെലവുകളിൽ ക്രമ നം. 6, 8, 10 എന്നിവ ഒഴികെയുള്ള ചെലവഴിച്ച അടിസ്ഥാന തുക 2671422 രൂപ തടസ്സപ്പെടുത്തുന്നു. ക്രമ നം. 6, 8, 10 എന്നിവയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-54 തെരുവു വിളക്ക് അറ്റകുറ്റപ്പണികൾ - ഉയർന്ന നിരക്കിൽ കരാർ നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 8/20 പ്രകാരം നടപ്പാക്കിയ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ - പീച്ചി മേഖല എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 450000 രൂപ വകയിരുത്തുകയും താഴെ പറയും പ്രകാരം 287130 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 21900712/19.10.2019 | 77480 |
| 2 | 21901098/13.12.2019 | 73400 |
| 3 | 21901001/25.11.2019 | 88140 |
| 4 | 21901341/11.2.2020 | 48110 |
| | ആകെ | 287130 |

പ്രോജക്റ്റ് നടപ്പാക്കുന്നതിന് ലഭിച്ച കുറഞ്ഞ നിരക്കിലുള്ള ടെൻഡറുകളുടെ വിവരം താഴെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ഇനം | റിപ്പയർ ചെയ്യുന്നതിനുള്ള നിരക്ക് |
|---|---|---|
| ബാലസുബ്രഹ്മണ്യൻ | സിംഗിൾ ട്യൂബ് | 140 |
| | ഡബിൾ ട്യൂബ് | 150 |
| | LED/CFL | 140 |
| ഫേമസ് ഇലക്ട്രിക്കൽസ് | സിംഗിൾ ട്യൂബ് | 180 |
| | ഡബിൾ ട്യൂബ് | 190 |
| | LED/CFL | 90 |
| | | |

സിംഗിൾ ട്യൂബ് ലൈറ്റ്, ഡബിൾ ട്യൂബ് ലൈറ്റ് എന്നിവ റിപ്പയർ ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചത് ബാലസുബ്രഹ്മണ്യൻ എന്നയാളും LED/CFL ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചത് ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവുമായിരുന്നു. അതനുസരിച്ച് LED/CFL ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനും സിംഗിൾ ട്യൂബ് ലൈറ്റ്, ഡബിൾ ട്യൂബ് ലൈറ്റ് എന്നിവ റിപ്പയർ ചെയ്യുന്നതിന് ബാലസുബ്രഹ്മണ്യൻ എന്നയാൾക്കുമായിരുന്നു കരാർ നൽകേണ്ടത്. എന്നാൽ നിരക്ക് പരിഗണിക്കാതെ ബാലസുബ്രഹ്മണ്യൻ എന്നയാൾക്ക് എല്ലാ തരം വിളക്കുകളും റിപ്പയർ ചെയ്യുന്നതിന് കരാർ നൽകി. ഇതേ കാലയളവിൽ ഇതേ പഞ്ചായത്തിലെ വാണിയമ്പാറ മേഖലയിൽ ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ് തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോജക്റ്റ് നമ്പർ 85/20) കരാർ എടുത്തിരുന്നത്. സിംഗിൾ ട്യൂബ് ലൈറ്റ്, ഡബിൾ ട്യൂബ് ലൈറ്റ് എന്നിവ മാത്രമായി കരാർ എടുക്കാൻ കഴിയില്ലെന്ന് ബാലസുബ്രഹ്മണ്യൻ എന്നയാളും LED/CFL ലൈറ്റുകൾ മാത്രമായി കരാർ എടുക്കാൻ കഴിയില്ലെന്ന് ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവും പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. അതുകൊണ്ടുതന്നെ നിരക്ക് പരിഗണിക്കാതെ കരാർ നൽകിയതു വഴി പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| വൗച്ചർ നമ്പർ / തീയതി | തുക | റിപ്പയർ ചെയ്ത LED/CFL വിളക്കുകളുടെ എണ്ണം | കരാറുകാരന് നൽകിയ തുക (@140/-) | ടെൻഡർ പ്രകാരമുള്ള കുറഞ്ഞ നിരക്ക് (90/-) | അധികം നൽകിയത് |
|---|---|---|---|---|---|
| 21900712/19.10.19 | 77480 | 397 | 55580 | 35730 | 19850 |
| 21901098/13.12.19 | 73400 | 367 | 51380 | 33030 | 18350 |
| 21901001/25.11.19 | 88140 | 429 | 60060 | 38610 | 21450 |
| 21901341/11.2.20 | 48110 | 184 | 25760 | 16560 | 9200 |
| ആകെ | 287110 | 1377 | 192780 | 123930 | 68850 |

പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. മുകളിൽ പറഞ്ഞ കരാർ പ്രകാരം ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം 2041 ആണ്. ഇതിൽ 1377 എണ്ണവും LED/CFL ആണ്. വെറും 664 എണ്ണം മാത്രമാണ് ഫ്ളൂറസന്റ് ട്യൂബ് ലൈറ്റുകൾ. പഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഭൂരിഭാഗവും LED അല്ലെങ്കിൽ CFL ഇനത്തിലുള്ളതാണ് എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. എണ്ണത്തിൽ വളരെ കുറവുള്ള ഫ്ലൂറസന്റ് ട്യൂബുകൾക്ക് റിപ്പയർ ചാർജ് കുറച്ച് കാണിക്കുകയും എണ്ണം വളരെ കൂടുതലുള്ള LED/CFL വിളക്കുകൾക്ക് ഉയർന്ന നിരക്ക് കാണിക്കുകയും ചെയ്തുകൊണ്ട് ടെൻഡർ നൽകിയ കരാറുകാരന്റെ തന്ത്രത്തിന് സഹായകരമായ നിലപാടാണ് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുണ്ടായത് എന്ന് കാണുന്നു.

അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 17/16.8.2021പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞ പ്രകാരം പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന 68850 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-55 ഗ്രാമപഞ്ചായത്തിനുള്ള സേവനങ്ങൾക്ക് GST നല്കേണ്ടതില്ല.

പ്രൊജ. നം. 385/20 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഡിസൈനിംഗ്

അടങ്കൽ :- 7,00,000/- (തനതു ഫണ്ട്)

ചെ. നം. 84076 തിയ്യതി 8-11-'19 ₹ 3,24,480/-

ചെ. നം. 84078 തിയ്യതി 8-11-'19 ₹ 13,520/-

(ഓഡിറ്റ് എൻക്വയറി നം. 48 തി. 17.08.2021)

നോട്ടിഫിക്കേഷൻ 12/2017 (സെൻട്രൽ ടാക്സ് റേറ്റ്) തിയ്യതി 28-6-'17 പ്രകാരം ഗ്രാമ പഞ്ചായത്തിനു, ഏതെങ്കിലും ഗവൺമെന്റ്/ഗവൺമെന്റ് അതോറിറ്റി നൽകുന്ന സേവനങ്ങൾക്ക് GST ഈടാക്കേണ്ടതില്ല.

Services By A Government (Central Govt., State Govt., Union Territory,LSGD Or Govt. Authority) By Way Of Any Activity In Relation To Any Functions Entrusted To A Panchayat Under Article 243 G Of The Constitution TAX RATE ---- NIL

[ Chapter 99 Sl.no. 5 ]

മേൽപ്രകാരം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ഗവ.എഞ്ചിനിയറിങ്ങ് കോളേജ്-കണ്ടിന്യൂവിങ്എജ്യുക്കേഷൻ സെന്റർ സ്ട്രക്ചറൽ ഡിസൈൻ / സർവ്വെ നടത്തിയയിനത്തിലുള്ള ഫീസിനു മേൽ ₹ 51,660/-
(2,87,000 X 18%) GST ഈടാക്കിയിട്ടുള്ളതായി കണ്ടു.

കേന്ദ്ര സർക്കാരിന്റെ മേൽ നിർദ്ദേശത്തിനു വിധേയമായി ₹ 51,660/- രൂപ തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-56 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 17-8-'21 )

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-57 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 2 തിയ്യതി 24-6-'21 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238 + 18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയറോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്കു വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

## 1-58 എസ് .സി വനിതകൾക്ക് ഫ്ലോർ മിൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

2018-19

പ്രോജക്റ്റ് നമ്പർ - 467/18-19

പ്രോജക്റ്റ് - എസ്.സി വനിതകൾക്ക് ഫ്ലോർ മിൽ

അടങ്കൽ - 250000/- (വികസന ഫണ്ട്)

ചെലവ് - 185390/- (2018-19 ൽ)
വൗച്ചർ നം. 21801803/23.02.2019, തുക – 185390/-

നിർവ്വഹണം - അസി. സെക്രട്ടറി

2019-20

പ്രോജക്റ്റ് നമ്പർ - 415/19-20

പ്രോജക്റ്റ് - എസ്.സി വനിതകൾക്ക് ഫ്ലോർ മിൽ

അടങ്കൽ - 64610/- (വികസന ഫണ്ട്)

ചെലവ് - 60074/- (2019-20 ൽ)
വൗച്ചർ നം. 21900867/25.07.2019, തുക – 60074/-

നിർവ്വഹണം - അസി. സെക്രട്ടറി

വനിതകൾക്ക് സ്വയം തൊഴിൽ സൗകര്യത്തിനായിട്ടാണ് പ്രോജക്റ്റ് രൂപീകരിച്ചത്. ഈ പ്രൊജക്റ്റിലെ വ്യവസ്ഥകൾ താഴെ കൊടുക്കുന്നു. ലാഭത്തിന്റെ വിഹിതമോ വാടകയോ വാങ്ങുന്നില്ല. വരുമാനം വർദ്ധിച്ചതിനു ശേഷം ഗ്രാമ പഞ്ചായത്തിന്റെ തീരുമാനത്തിന് വിധേയമായി തുക നിശ്ചയിക്കുന്നതാണ്. യന്ത്രസാമഗ്രികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് വാങ്ങുന്നു. വനിത വ്യവസായ കേന്ദ്രത്തിലെ മുറി അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന വാടക നടത്തിപ്പ് സമിതി കരാറിൽ ഏർപ്പെട്ട് നൽകേണ്ടതാണ്. അറ്റകുറ്റപ്പണികൾ യന്ത്രങ്ങളുടെ ചെറിയ മെയിന്റനൻസ് എന്നിവ നടത്തിപ്പ് സമിതി ചെയ്യേണ്ടതാണ്. ശേഷം ഗ്രാമ പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി തുക നിശ്ചയിക്കാവുന്നതാണ്. യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് 200000/- രൂപയും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനാവശ്യമായ വയറിംഗ്

പ്രവൃത്തികൾക്ക് 50000/- രൂപയും പദ്ധതിയിൽ വകയിരുത്തി. വയറിങ്ങ് പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് 53000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി (Lr.no.ESDT.2018/2603/24.11.2018). ടെണ്ടർ നടപടികളിലൂടെ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്ന പ്രവൃത്തി ജെ.കെ മെഷിനറീസ്, കുട്ടനെല്ലൂർ എന്ന സ്ഥാപനത്തിനും, വയറിങ്ങ് പ്രവൃത്തി മജീദ് വി.എം, വലിയകത്ത് എന്ന കരാറുകാരനും നൽകി. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്ന പ്രവൃത്തി 2018-19 ൽ 185390/- രൂപയ്ക്ക് പൂർത്തീകരിച്ചു. വയറിങ്ങ് പ്രവൃത്തികൾ 2019-20 ൽ സ്പിൽ ഓവർ പ്രോജക്ടായി 60074/- രൂപയ്ക്ക് നടപ്പാക്കി. ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ)നം.22/2018/ തസ്വഭവ തീ.14/02/2018 ഖണ്ഡിക 6.4 (ചെറുകിട വ്യവസായം) ൽ സ്വയം തൊഴിൽ (ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് അഞ്ച് പേർ) സംരംഭങ്ങൾ പരാമവധി 250000/- രൂപ വരെ സബ്സിഡി നൽകാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സംരംഭങ്ങൾ വായ്പ ബന്ധിത പ്രോജക്ട് ആയിരിക്കണം, സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡി ആയി നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പഞ്ചായത്ത് നേരിട്ട് നടപ്പാക്കി കാണുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശത്തിന്റെ വിരുദ്ധമായി ഇപ്രകാരം പദ്ധതി നടപ്പാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ എൻക്വയറിനമ്പർ 25/12.08.21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166(2) (സി) മേഖല അടിസ്ഥാനത്തിലുള്ള ചുമതലകൾ V (I) ചെറുകിട വ്യവസായങ്ങൾ എന്നതിൽ (2). കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക (3). പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ടതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയത്. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ടതായതിനാൽ ഈ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനാണ് സർക്കാർ പദ്ധതി മാർഗരേഖയും സബ്സിഡി മാർഗരേഖയും പുറപ്പെടുവിച്ചിട്ടുള്ളത്.പദ്ധതി മാർഗരേഖയും സ.ഉ (കൈ)നം.11/2018/തസ്വഭവ തീ.29.01.2018ഖ.7.4.2 (3)ൽ എല്ലാ തൊഴിൽ സംരംഭക പ്രോജക്ടുകളും വായ്പാബന്ധിത പ്രോജക്ടുകളായി ആവിഷ്കരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് സബിസിഡി മാർഗരേഖയിൽ {സ.ഉ (കൈ)നം.22/2018/ തസ്വഭവ തീ.14/02/2018 ഖണ്ഡിക 6.4 (ചെറുകിട വ്യവസായം)} ഉൾപ്പെടുത്തിയിരിക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾക്ക് വായ്പ ലഭിക്കുന്നതിനും, സ്ഥലം ലഭിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നതായും വ്യവസായ സംരംഭങ്ങൾ നടത്തികൊണ്ട് പോകുന്നതിന് മതിയായ പ്രാപ്തി ഇല്ലാത്തതിനാലുമാണ് പഞ്ചായത്ത് നേരിട്ട് നടപ്പാക്കിയതെന്നും ഇതുമൂലം സബ്സിഡി തുക നഷ്ടപ്പെടാതിരിക്കുന്നതിനും പ്രസ്തുത തുകയ്ക്കു സ്ഥായിയായ ആസ്തി സമ്പാദിക്കുന്നതിനും സാധിക്കുകയാണ് ഉണ്ടായതെന്നുമുള്ള മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. വനിതകൾ സ്വയം സംരംഭകരായി മാറുന്നതിനും വരുമാനം കണ്ടെത്തുന്നതിനും അതിലൂടെ സ്വയം ശാക്തീകരിക്കപ്പെടുന്നതിനും വേണ്ടിയാണ് ഇപ്രകാരം പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സർക്കാർ ലക്ഷ്യമിടുന്നത്. സ്വയം സംരംഭകരായി മെച്ചപ്പെട്ട ജീവിതലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഇവിടെ പഞ്ചായത്ത് നേരിട്ട് പദ്ധതി നടപ്പാക്കുകവഴി ആസ്തി പഞ്ചായത്തിന്റേതായി തുടരുകയും, വനിതകൾ ജീവനക്കാരായി തുടരുകയും ചെയ്യും. ഫ്ളവർ മിൽ നടത്തുക എന്നത് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ല. ആയതിനാൽതന്നെ സബ്സിഡി നഷ്ടമായി കണക്കാക്കാനാകില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയും, പാർശ്വവത്ക്കരിക്കപ്പെട്ടവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാണ് സർക്കാർ ധനസഹായം സബ്സിഡി ആയി നൽകുന്നത്. ആസ്തി സമ്പാദനം പഞ്ചായത്തിന്റെ പ്രവർത്തന ലക്ഷ്യവുമല്ല.

2. വയറിങ്ങ് പ്രവൃത്തികൾക്ക് വി.എം മജീദ്, കെ.വി രാധാകൃഷ്ണൻ എന്നീ രണ്ടുപേർ എസ്റ്റിമേറ്റ് നിരക്ക് (53000/-) ക്വോട്ട് ചെയ്തു. ഇ എം ഡി അടവാക്കിയ രസീത് ഹാജരാക്കിയില്ല എന്നകാരണത്താൽ കെ.വി രാധാകൃഷ്ണനെ ഒഴിവാക്കി വി.എം മജീദിന് ടെണ്ടർ നൽകി (പഞ്ച. കമ്മിറ്റി തീരു നം .19/01/2019 തീ. 8(1)). ടി സാഹചര്യത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചതായി കണക്കാക്കി റീ ടെണ്ടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

3. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം അളവുകൾ രേഖപ്പെടുത്തിയ മെഷർ മെന്റ് ബുക്ക്, കരാറുകാരന്റെ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിങ്ങ് നല്കിയ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 189 പ്രകാരം മെഷർമെന്റും ആർട്ടിക്കിൾ 191 പ്രകാരം ചെക്ക് മെഷർമെന്റും, പി.ഡബ്ല്യു.ഡി മാനവൽ ഖണ്ഡിക 2109 പ്രകാരവും അളവുകൾ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തുക നല്കേണ്ടതാണ്. ടി നടപടിക്രമം പാലിച്ചിട്ടില്ല. മാത്രമല്ല എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത 7074/- രൂപയുടെ പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രസ്തുത പ്രവൃത്തി നടത്തുന്നതിനുള്ള കാരണമായി മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത് വ്യവസായം ആരംഭിക്കേണ്ട കെട്ടിടത്തിൽ ആവശ്യം നടപ്പിലാക്കേണ്ട ചില അറ്റകുറ്റപ്പണികളാണ് മസ്റ്റർറോൾ അടിസ്ഥാനത്തിൽ നടപ്പിലാക്കിയതെന്നും ആയതിന് എസ്റ്റിമേറ്റിന്റെ ആവശ്യമില്ല എന്ന് അസി. എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയതെന്നും മറുപടി. താഴെപ്പറയുന്ന കാരണങ്ങളാൽ ടി വാദഗതി അംഗീകരിക്കുന്നില്ല.
I) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രധാന പ്രവർത്തിയുടെ തുടർച്ചയായി തന്നെയാണ് ഈ പ്രവൃത്തിയും നടപ്പിലാക്കിയിട്ടുള്ളത്. പർച്ചേസ് ബില്ലിന്റെയും മസ്റ്റർറോളിന്റേയും അടിസ്ഥാനത്തിൽ പ്രധാന പ്രവർത്തിയുടെ കരാറുകാരനായ ശ്രീ.വി.എം മജീദിനു തന്നെയാണ് ബാക്കി തുകയും നൽകിയിട്ടുള്ളത്. അല്ലാതെ നേരിട്ടുള്ള നിർവ്വഹണമല്ല.
II) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 173, കേരള പഞ്ചായത്ത് പൊതുമരാമത്ത് പണികൾ ചട്ടം 1997 ചട്ടം (6) എന്നിവ പ്രകാരം ഏതൊരു പ്രവൃത്തിയും എസ്റ്റിമേറ്റില്ലാതെ അനുവദിക്കരുത് എന്ന് വ്യക്തമാക്കുന്നു. ആയതിനാൽ എസ്റ്റിമേറ്റ് ആവശ്യമില്ല എന്ന വിശദീകരണം അംഗീകരിക്കാനാവില്ല.

4. യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ചെലവഴിച്ച തുക 250300102-small Scale Industries And Micro Enterprises -Scp എന്ന ചെലവ് ഹെഡ്ഡിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. പഞ്ചായത്തിന്റെ ആസ്തി ആക്കി മാറ്റിയിട്ടില്ല.

5. ഫ്ലോർ മിൽ യൂണിറ്റിന്റെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ‘മാതൃക’ ആക്ടിവിറ്റി ഗ്രൂപ്പുമായി 04/06/2019ൽ ഏർപ്പെട്ട കരാർ പ്രകാരം 10/8/2019 വരെ വാടക കൂടാതെ പ്രവർത്തിക്കുന്നതിനാണ് അനുവാദം ഉള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടികജാതി വനിത വ്യവസായ കേന്ദ്രത്തിലെ 4/8 മുറിയാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധനയിൽ ടി സ്ഥാപനം നാളിതുവരെ വാടക അടവാക്കി കാണുന്നില്ല. നിലവിലും വാടക നൽകാതെ പ്രവൃത്തിച്ചു വരുന്നു.

2018-19 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി 2019-20 ലാണ് പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയത്. 2018-19 വർഷത്തിൽ ഇത് സംബന്ധിച്ച് പരാമർശം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും 2019-20 ൽ പൂർത്തീകരിച്ചതിനാലും, പദ്ധതി നിർവ്വഹണത്തിൽ മേൽ അപാകതകൾ നിലനിൽക്കുന്നതിനാലും ടി പദ്ധതിക്കായി മൊത്തം ചെലവഴിച്ച 245464/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-59 പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധനവ് - സപ്ലൈ ഓർഡർ നൽകിയ ഗുണനിലവാരത്തിലും വിലയിലുമുള്ള കസേരകൾക്ക് പകരം ഗുണനിലവാരം കുറഞ്ഞ കസേര വിതരണം നടത്തുകയും സപ്ലൈ ഓർഡർ പ്രകാരമുള്ള കൂടിയ നിരക്ക് നൽകുകയും ചെയ്തു.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധനവ് |
| പ്രോജക്ട് നമ്പർ | 259/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 100250 |
| ചെലവ് | 100250 |
| ഫണ്ട് ഇനം | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ | 06/19-20/23.9.2019, 100250/- |
| വൗച്ചർ നമ്പർ | 21900908/20.11.2019, 100250 |

പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധിപ്പിക്കുന്നതിന് Armless Chair – Virgin Plastic-ISI-branded-400nos വിതരണം നടത്തുന്നതിന് താത്പര്യമുള്ളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 12/07/2019 ൽ ടെണ്ടർ നോട്ടീസ് തയ്യാറാക്കി, ടെണ്ടർ പരസ്യം നൽകി. ഇതിൻ പ്രകാരം ഫിറ്റ് വെൽ, മലബാർ ട്രേഡിങ്ങ് കമ്പനി, ഫിഡ്കോ, ബി പി ആർ ഒ സൊല്യൂഷൻസ്, കെ പി എം എന്റർപ്രൈസസ് എന്നി അഞ്ച് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. 17/08/2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1/3 തീരുമാനപ്രകാരം മലബാർ ട്രേഡിങ്ങ് കമ്പനിയുടെ 401/- രൂപ നിരക്കുള്ള പ്ലാസ്റ്റിക്ക് കസേരയുടെ ടെണ്ടർ അംഗീകരിച്ചു. ടി തീരുമാനം ഇപ്രകാരമാണ്. 13/08/19 ലെ പ്രൊക്യൂവർമെന്റ് കമ്മിറ്റിയിലേക്ക് പഞ്ചായത്തിൽ നിന്നും സാമ്പിൾ ആവശ്യപ്പെട്ട പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ഫിഡ്കോ, കെ പി എം, മലബാർ ട്രേഡിങ്ങ് കമ്പനി എന്നീ സ്ഥാപനങ്ങൾ അവരവരുടെ ടെണ്ടറിൽ രേഖപ്പെടുത്തിയ വിവിധ മോഡലുകളുടെ സാമ്പിളുകൾ ഹാജരാക്കുകയും പ്രൊക്യൂവർമെന്റ് കമ്മിറ്റി സാമ്പിളുകളുടെ ഗുണനിലവാരവും ഉറപ്പും വിശദമായി പരിശോധിച്ച് ഏറ്റവും ഉയർന്ന ഗുണനിലവാരം കണ്ടെത്തിയ മലബാർ ട്രേഡിങ്ങ് കമ്പനിയുടെ 401/- രൂപ നിരക്കുള്ള പ്ലാസ്റ്റിക്ക് കസേരയുടെ ടെണ്ടർ അംഗീകരിച്ചു. 30/08/2019 ലെ AS0259-20 നമ്പർ സപ്ലൈ ഓർഡർ പ്രകാരം Armless Chair – Full Virgin-250 Nos സപ്ലൈ ചെയ്യുന്നതിന് ഓർഡർ നൽകി. മലബാർ ട്രേഡിങ്ങ് കമ്പനിയുടെ ഇൻവോയിസ് നമ്പർ 3249/5.11.2019 പ്രകാരം 126248/- രൂപ വിലവരുന്ന Semi Virgin Arm Chair -50 Nos &Semi Virgin Armless Chair -250 Nos എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

മലബാർ ട്രേഡിങ്ങ് കമ്പനിയുടെ ടെണ്ടറിൽ Armless Chair – Full Virgin -Plastic- ക്വോട്ട് ചെയ്തിരിക്കുന്ന നിരക്ക് 401/- (നികുതി ഉൾപ്പെടെ) രൂപയും, Armless Chair – Semi Virgin -Plastic- ക്വോട്ട് ചെയ്തിരിക്കുന്ന നിരക്ക് 306/- (നികുതി ഉൾപ്പെടെ) രൂപയുമാണ്. ഇൻവോയിസ് നമ്പർ 3249/5.11.2019 പ്രകാരം സപ്ലൈ ചെയ്തിരിക്കുന്നത് Semi Virgin Arm Chair -50 Nos &Semi Virgin Armless Chair -250 Nos എന്നിങ്ങനെയാണ്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയ 401/- രൂപ വിലയുള്ള Full Virgin -Armless Chair ന പകരം Semi Virgin Armless Chair -250 Nos സപ്ലൈ ചെയ്യുകയും ഇതിന്റെ വിലയായ 306/- രൂപയ്ക്കു പകരം (306 X 250 = 76500) Full Virgin -Armless Chair ന്റെ വിലയായ 401/- രൂപ (401x250=100250) യുമാണ് മേൽ വൗച്ചർ നമ്പർ പ്രകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം തുക നൽകിയതിലൂടെ 23750/- (100250 – 76500) രൂപ അധികം നൽകുവാൻ കാരണമായിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയ വിലയിലും, ഗുണമേന്മയിലും ഉള്ള കസേര തന്നെ ലഭിച്ചുവെന്ന് ഉറപ്പുവരുത്താതെ തുക നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറി 03/06.08.21 നമ്പറിനുള്ള മറുപടിയിൽ വിതരണം ചെയ്ത സ്ഥാപനത്തിന്റെ ബില്ലിങ്ങിൽ വന്ന തെറ്റ് മൂലമാണ് സെമി വിർജിൻ എന്ന് രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. വിലയിലും ഗുണമേന്മയിലും സപ്ലൈ ഓർഡർ നൽകിയ കസേര തന്നെയാണ് ലഭിച്ചിട്ടുള്ളത് എന്ന് മോണിറ്ററിങ്ങ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തിയതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടെണ്ടർ കംപാരിസൺ സ്റ്റേറ്റ്മെന്റ്, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്. കസേരകൾ സപ്ലൈ ചെയ്ത സ്ഥാപനം ബില്ലിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സപ്ലൈ ഓർഡർ നൽകിയ വിലയിലും, ഗുണമേന്മയിലും ഉള്ള കസേര തന്നെ ലഭിച്ചുവെന്ന് ഉറപ്പുവരുത്തിയതിനുശേഷം തുക നൽകുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടും തുക നൽകുന്നതിന് മുൻപ് ഉറപ്പു വരുത്തേണ്ടതായിരുന്നു. ഈ സാഹചര്യത്തിൽ അധികം നൽകിയ 23750/- ഓഡിറ്റിൽ നിരാകരിക്കുന്നു.

ഇൻവോയിസ് നമ്പർ 3249/5.11.2019 പ്രകാരം Semi Virgin Arm Chair -50 Nos സപ്ലൈ ചെയ്തിരുന്നു. ടി ഇനം സെക്രട്ടറിയുടെ പ്രോജക്ട് നമ്പർ 262/21 പ്രകാരം വിതരണം ചെയ്തതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധനവ് - സപ്ലൈ ഓർഡർ നൽകിയ ഗുണനിലവാരത്തിലും വിലയിലുമുള്ള കസേരകൾക്ക് പകരം ഗുണനിലവാരം കുറഞ്ഞ കസേര വിതരണം നടത്തുകയും സപ്ലൈ ഓർഡർ പ്രകാരമുള്ള കൂടിയ നിരക്ക് ഈടാക്കുകയും ചെയ്തു.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധനവ് |
| പ്രോജക്ട് നമ്പർ | 259/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 100250 |
| ചെലവ് | 100250 |
| ഫണ്ട് ഇനം | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ | 06/19-20/23.9.2019, 100250/- |
| വൗച്ചർ നമ്പർ | 21900908/20.11.2019, 100250 |

പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി സാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധിപ്പിക്കുന്നതിന് Armless Chair – Virgin Plastic-ISI-branded-400nos വിതരണം നടത്തുന്നതിന് താത്പര്യമുള്ളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 12/07/2019 ൽ ടെണ്ടർ നോട്ടീസ് തയ്യാറാക്കി, ടെണ്ടർ പരസ്യം നൽകി. ഇതിൻ പ്രകാരം ഫിറ്റ് വെൽ, മലബാർ ട്രേഡിങ്ങ് കമ്പനി, ഫിഡ്കോ, ബി പി ആർ ഒ സൊല്യൂഷൻസ്, കെ പി എം എന്റർപ്രൈസസ്സ് എന്നി അഞ്ച് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. 17/08/2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1/3 തീരുമാനപ്രകാരം മലബാർ ട്രേഡിങ്ങ് കമ്പനിയുടെ 401/- രൂപ നിരക്കുള്ള പ്ലാസ്റ്റിക്ക് കസേരയുടെ ടെണ്ടർ അംഗികരിച്ചു. ടി തീരുമാനം ഇപ്രകാരമാണ്. 13/08/19 ലെ പ്രൊക്യൂവർമെന്റ് കമ്മിറ്റിയിലേക്ക് പഞ്ചായത്തിൽ നിന്നും സാമ്പിൾ ആവശ്യപ്പെട്ട പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ഫിഡ്കോ, കെ പി എം, മലബാർ ട്രേഡിങ്ങ് കമ്പനി എന്നീ സ്ഥാപനങ്ങൾ അവരവരുടെ ടെണ്ടറിൽ രേഖപ്പെടുത്തിയ വിവിധ മോഡലുകളുടെ സാമ്പിളുകൾ ഹാജരാക്കുകയും പ്രൊക്യൂവർമെന്റ് കമ്മിറ്റി സാമ്പിളുകളുടെ ഗുണനിലവാരവും ഉറപ്പും വിശദമായി പരിശോധിച്ച് ഏറ്റവും ഉയർന്ന ഗുണനിലവാരം കണ്ടെത്തിയ മലബാർ ട്രേഡിങ്ങ് കമ്പനിയുടെ 401/- രൂപ നിരക്കുള്ള പ്ലാസ്റ്റിക്ക് കസേരയുടെ ടെണ്ടർ അംഗീകരിച്ചു. 30/08/2019 ലെ AS0259-20 നമ്പർ സപ്ലൈ ഓർഡർ പ്രകാരം Armless Chair – Full Virgin-250 Nos സപ്ലൈ ചെയ്യുന്നതിന് ഓർഡർ നൽകി. മലബാർ ട്രേഡിങ്ങ് കമ്പനിയുടെ ഇൻവോയിസ് നമ്പർ 3249/5.11.2019 പ്രകാരം 126248/- രൂപ വിലവരുന്ന Semi Virgin Arm Chair -50 Nos &Semi Virgin Armless Chair -250 Nos എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

മലബാർ ട്രേഡിങ്ങ് കമ്പനിയുടെ ടെണ്ടറിൽ Armless Chair – Full Virgin -Plastic- ക്വോട്ട് ചെയ്തിരിക്കുന്ന നിരക്ക് 401/- (നികുതി ഉൾപ്പെടെ) രൂപയും, Armless Chair – Semi Virgin -Plastic- ക്വോട്ട് ചെയ്തിരിക്കുന്ന നിരക്ക് 306/- (നികുതി ഉൾപ്പെടെ) രൂപയുമാണ്. ഇൻവോയിസ് നമ്പർ 3249/5.11.2019 പ്രകാരം സപ്ലൈ ചെയ്തിരിക്കുന്നത് Semi Virgin Arm Chair -50 Nos &Semi Virgin Armless Chair -250 Nos എന്നിങ്ങനെയാണ്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയ 401/- രൂപ വിലയുള്ള Full Virgin -Armless Chair ന പകരം Semi Virgin Armless Chair -250 Nos സപ്ലൈ ചെയ്യുകയും ഇതിന്റെ വിലയായ 306/- രൂപയ്ക്ക പകരം (306 X 250 = 76500) Full Virgin -Armless Chair ന്റെ വിലയായ 401/- രൂപ (401x250=100250) യുമാണ് മേൽ വൗച്ചർ നമ്പർ പ്രകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം തുക നൽകിയതിലൂടെ 23750/- (100250 – 76500) രൂപ അധികം നൽകുവാൻ കാരണമായിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയ വിലയിലും, ഗുണമേന്മയിലും ഉള്ള കസേര തന്നെ ലഭിച്ചുവെന്ന് ഉറപ്പുവരുത്താതെ തുക നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറി 03/06.08.21 നമ്പറിനുള്ള മറുപടിയിൽ വിതരണം ചെയ്ത സ്ഥാപനത്തിന്റെ ബില്ലിങ്ങിൽ വന്ന തെറ്റ് മൂലമാണ് സെമി വിർജിൻ എന്ന് രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. വിലയിലും ഗുണമേന്മയിലും സപ്ലൈ ഓർഡർ നൽകിയ കസേര തന്നെയാണ് ലഭിച്ചിട്ടുള്ളത് എന്ന് മോണിറ്ററിങ്ങ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തിയതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടെണ്ടർ കംപാരിസൺ സ്റ്റേറ്റ്മെന്റ്, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്. കസേരകൾ സപ്ലൈ ചെയ്ത സ്ഥാപനം ബില്ലിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സപ്ലൈ ഓർഡർ നൽകിയ വിലയിലും, ഗുണമേന്മയിലും ഉള്ള കസേര തന്നെ ലഭിച്ചുവെന്ന് ഉറപ്പുവരുത്തിയതിനുശേഷം തുക നൽകുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടും തുക നൽകുന്നതിന് മുൻപ് ഉറപ്പു വരുത്തേണ്ടതായിരുന്നു. ഈ സാഹചര്യത്തിൽ അധികം നൽകിയ 23750/- ഓഡിറ്റിൽ നിരാകരിക്കുന്നു.

ഇൻവോയിസ് നമ്പർ 3249/5.11.2019 പ്രകാരം Semi Virgin Arm Chair -50 Nos സപ്ലൈ ചെയ്തിരുന്നു. ടി ഇനം സെക്രട്ടറിയുടെ പ്രോജക്ട് നമ്പർ 262/21 പ്രകാരം വിതരണം ചെയ്തതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

### 3-2 ട്രാൻസ്പോർട്ടിങ്ങ് ചാർജിനു പുറമേ ലോഡിങ്ങ് ആന്റ് അൺലോഡിങ്ങ് ചാർജ് നൽകി - 950 രൂപ നിരാകരിക്കുന്നു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 87/20 പ്രകാരം നടപ്പാക്കിയ അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി എന്ന പ്രോജക്ടിൽ താഴെ പറയും പ്രകാരം 950 രൂപ ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ് ഇനത്തിൽ നൽകിയിട്ടുണ്ട്.

കേന്ദ്ര വിഹിതം ചെക്ക് നമ്പർ 757640/19.10.2019 തുക 17553/-

ട്രാൻസ്പോർട്ടിങ്ങ് ചാർജ് 7379 കി.ഗ്രാം @ 2.25/kg = 16603

ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ് = 950

---------

17553

ഉസ്മാൻ എന്നയാളുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാർ പ്രകാരം ട്രാൻസ്പോർട്ടിങ്ങ് ചാർജ് മാത്രമേ നൽകേണ്ടതുള്ളൂ. കരാറിനു വിരുദ്ധമായി 950 രൂപ ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ്ജിനത്തിൽ നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/10.8.2021 പ്രകാരം ആവശ്യപ്പെട്ടതിന്, സർക്കാർ അനുവദിച്ച WBNP അരി മാവേലി സ്റ്റോറിൽ നിന്നും അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജാണ് 950 രൂപ എന്നും മാവേലി സ്റ്റോറിൽ നിന്നും ഈ അരി എടുത്ത് അംഗൻവാടിയിലേക്ക് മാറ്റിയതിനുള്ള കയറ്റിറക്ക് കൂലിയാണെന്നും ഒട്ടും വ്യക്തതയില്ലാത്ത മറുപടിയാണ് നൽകിയത്. കൂടാതെ ഈ നടപടിക്കായി പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയിരുന്നതായും പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതായി പറഞ്ഞതനുസരിച്ചാണ് തുക നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയതിന്റെയും തീരുമാനമെടുത്തതിന്റേയും രേഖകളൊന്നും ഓഡിറ്റിൽ ലഭ്യമാക്കിയില്ല. കരാറിന് വിരുദ്ധമായി ട്രാൻസ്പോർട്ടേഷൻ ചാർജിനു പുറമേ ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജ്ജിനത്തിൽ നൽകിയ 950 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി കേന്ദ്ര ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 വിവിധ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങൽ - 1784 രൂപ കെൽട്രോണിന് അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 27/20 പ്രകാരം നടപ്പാക്കിയ വിവിധ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങൽ എന്ന പ്രോജക്ടിനു വേണ്ടി തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 21900468/13.8.19 പ്രകാരം 212316 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സെൻട്രലൈസ്ഡ് പ്രൊക്യൂവർമെന്റ് & റേറ്റ് കോൺട്രാക്ട് സിസ്റ്റം വഴി 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന് കെൽട്രോണിന്റെ 23.11.2019-ലെ ITP/07411/19-20 പ്രകാരമുള്ള 210532 രൂപയുടെ ഇൻവോയ്സ് ലഭിച്ചതായി കാണുന്നു. ബാക്കിയുള്ള 1784 രൂപയുടെ ചെലവിന്റെ വിവരം ഫയലിൽ ലഭ്യമല്ല. മേൽപറഞ്ഞ ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/10.8.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അധികം നൽകിയ തുക ഈടാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 1784 രൂപ കെൽട്രോണിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 തെരുവു വിളക്ക് അറ്റകുറ്റപ്പണികൾ - ഉയർന്ന നിരക്കിൽ കരാർ നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 8/20 പ്രകാരം നടപ്പാക്കിയ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ - പീച്ചി മേഖല എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 450000 രൂപ വകയിരുത്തുകയും താഴെ പറയും പ്രകാരം 287130 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 21900712/19.10.2019 | 77480 |
| 2 | 21901098/13.12.2019 | 73400 |
| 3 | 21901001/25.11.2019 | 88140 |
| 4 | 21901341/11.2.2020 | 48110 |
| | ആകെ | 287130 |

പ്രോജക്ട് നടപ്പാക്കുന്നതിന് ലഭിച്ചകുറഞ്ഞ നിരക്കിലുള്ള ടെൻഡറുകളുടെ വിവരം താഴെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ഇനം | റിപ്പയർ ചെയ്യുന്നതിനുള്ള നിരക്ക് |
|---|---|---|
| ബാലസുബ്രഹ്മണ്യൻ | സിംഗിൾ ട്യൂബ് | 140 |
| | ഡബിൾ ട്യൂബ് | 150 |
| | LED/CFL | 140 |
| ഫേമസ് ഇലക്ട്രിക്കൽസ് | സിംഗിൾ ട്യൂബ് | 180 |

| | | |
|---|---|---|
| | ഡബിൾ ട്യൂബ് | 190 |
| | LED/CFL | 90 |

സിംഗിൾ ട്യൂബ് ലൈറ്റ്, ഡബിൾ ട്യൂബ് ലൈറ്റ് എന്നിവ റിപ്പയർ ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചത് ബാലസുബ്രഹ്മണ്യൻ എന്നയാളും LED/CFL ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചത് ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവുമായിരുന്നു. അതനുസരിച്ച് LED/CFL ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനും സിംഗിൾ ട്യൂബ് ലൈറ്റ്, ഡബിൾ ട്യൂബ് ലൈറ്റ് എന്നിവ റിപ്പയർ ചെയ്യുന്നതിന് ബാലസുബ്രഹ്മണ്യൻ എന്നയാൾക്കുമായിരുന്നു കരാർ നൽകേണ്ടത്. എന്നാൽ നിരക്ക് പരിഗണിക്കാതെ ബാലസുബ്രഹ്മണ്യൻ എന്നയാൾക്ക് എല്ലാ തരം വിളക്കുകളും റിപ്പയർ ചെയ്യുന്നതിന് കരാർ നൽകി. ഇതേ കാലയളവിൽ ഇതേ പഞ്ചായത്തിലെ വാണിയമ്പാറ മേഖലയിൽ ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ് തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോജക്ട് നമ്പർ 85/20) കരാർ എടുത്തിരുന്നത്. സിംഗിൾ ട്യൂബ് ലൈറ്റ്, ഡബിൾ ട്യൂബ് ലൈറ്റ് എന്നിവ മാത്രമായി കരാർ എടുക്കാൻ കഴിയില്ലെന്ന് ബാലസുബ്രഹ്മണ്യൻ എന്നയാളും LED/CFL ലൈറ്റുകൾ മാത്രമായി കരാർ എടുക്കാൻ കഴിയില്ലെന്ന് ഫേമസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവും പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. അതുകൊണ്ടുതന്നെ നിരക്ക് പരിഗണിക്കാതെ കരാർ നൽകിയതു വഴി പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

| വൗച്ചർ നമ്പർ / തീയതി | തുക | റിപ്പയർ ചെയ്ത LED/CFL വിളക്കുകളുടെ എണ്ണം | കരാറുകാരന് നൽകിയ തുക (@140/-) | ടെൻഡർ പ്രകാരമുള്ള കുറഞ്ഞ നിരക്ക് (90/-) | അധികം നൽകിയത് |
|---|---|---|---|---|---|
| 21900712/19.10.19 | 77480 | 397 | 55580 | 35730 | 19850 |
| 21901098/13.12.19 | 73400 | 367 | 51380 | 33030 | 18350 |
| 21901001/25.11.19 | 88140 | 429 | 60060 | 38610 | 21450 |
| 21901341/11.2.20 | 48110 | 184 | 25760 | 16560 | 9200 |
| ആകെ | 287110 | 1377 | 192780 | 123930 | 68850 |

പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. മുകളിൽ പറഞ്ഞ കരാർ പ്രകാരം ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം 2041 ആണ്. ഇതിൽ 1377 എണ്ണവും LED/CFL ആണ്. വെറും 664 എണ്ണം മാത്രമാണ് ഫ്ലൂറസന്റ് ട്യൂബ് ലൈറ്റുകൾ. പഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഭൂരിഭാഗവും LED അല്ലെങ്കിൽ CFL ഇനത്തിലുള്ളതാണ് എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. എണ്ണത്തിൽ വളരെ കുറവുള്ള ഫ്ലൂറസന്റ് ട്യൂബുകൾക്ക് റിപ്പയർ ചാർജ് കുറച്ച് കാണിക്കുകയും എണ്ണം വളരെ കൂടുതലുള്ള LED/CFL വിളക്കുകൾക്ക് ഉയർന്ന നിരക്ക് കാണിക്കുകയും ചെയ്തുകൊണ്ട് ടെൻഡർ നൽകിയ കരാറുകാരന്റെ തന്ത്രത്തിന് സഹായകരമായ നിലപാടാണ് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുണ്ടായത് എന്ന് കാണുന്നു.

അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 17/16.8.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞ പ്രകാരം പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന 68850 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | സാന്ത്വന പരിചരണ പരിപാടി | 100000 | 0 |
| | | 429200 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) | 429200 | 0 |
| | | 200000 | അംഗൻവാടി അനുപൂരക പോഷാകാഹാര പദ്ധതി | 200000 | 0 |
| | | 339663 | ഭിന്നശേഷി ഭവന നിർമ്മാണം | 339663 | 0 |
| | | 1400000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 1400000 | 0 |
| | | 129261 | ട്രൈബൽ സ്കൂൾ വിഹിതം | 129261 | 0 |
| | | 100000 | ഹരിത കേരളം നെൽകൃഷി വനിതകൾക്ക് | 100000 | 0 |
| | | 898518 | ലൈഫ് ഭവന പദ്ധതി (പട്ടികവർഗ്ഗ വിഭാഗം) | 898518 | 0 |

| | | | | | |
|---|---|---|---|---|---|
| | | 425000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 425000 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | | 897679 | ലൈഫ് ഭവന പദ്ധതി (ഫേസ് 3) | 897679 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1500000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1500000 | 0 |
| | | 100000 | സാന്ത്വന പരിചരണ പരിപാടി | 100000 | 0 |
| | | 343192 | ജലരക്ഷ, ജീവരക്ഷ, മണലിപ്പുഴ സംരക്ഷണം | 173750 | 169442 |
| | | 900000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 900000 | 0 |
| | | 300000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | | 8,00,000 | ലൈഫ് ഭവന പദ്ധതി (ഫേസ് 3) | 8,000,00 | 0 |
| | | 23650 | കിണർ റീചാർജ്ജിംഗ് | 23650 | 0 |
| | | 300000 | അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി | 300000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | | 816654 | 816654 | - |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | 396381 | 396381 | - |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | | 499436 | 499436 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം 1,44,72,353/- രൂപ തിരിച്ചടക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് പരിശോധനയിൽ വിവരം പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

വിവരങ്ങൾ ലഭ്യമല്ല.

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 131286061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 123039110 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 95334 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6087817 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 - 1 | 23,750 | ശ്രീമതി. അംബിക.ഐ, അസിസ്റ്റന്റ് സെക്രട്ടറി |
| 3 – 2 | 950 | ശ്രീമതി. സുധർമ്മിണി.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3 – 3 | 1,784 | ശ്രീ. പ്രദീപ്.കെ, സെക്രട്ടറി |
| 3 – 4 | 59,650 | ശ്രീ. പ്രദീപ്.കെ, സെക്രട്ടറി |
| 3 – 4 | 9,200 | ശ്രീമതി. അംബിക.ഐ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) |
| ആകെ | 95,334 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-42 | 14,50,000 | ഡോ.കെ.ജി.ലത, വെറ്ററിനറി സർജ്ജൻ |
| 1-48 | 15,93,647 | ശ്രീമതി. നിർമ്മലാദേവി.പി.സി, ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് |
| 1-50 | 39,530 | ശ്രീമതി. സുധർമ്മിണി.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-51 | 85,054 | ശ്രീ. പ്രദീപ്.കെ, സെക്രട്ടറി |
| 1-53 | 26,74,122 | ശ്രീ. പ്രദീപ്.കെ, സെക്രട്ടറി |
| 1-58 | 2,45,464 | ശ്രീ. വാസുദേവൻ.പി, അസി. സെക്രട്ടറി |
| ആകെ | 60,87,817 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നിരാകരണത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപ്.കെ, സെക്രട്ടറി | സെക്രട്ടറി, നടത്തറ ഗ്രാമപഞ്ചായത്ത് | കോമ്പിയിൽ ഹൗസ്, പൂങ്കുന്നം, തൃശ്ശൂർ |
| ശ്രീമതി.അംബിക.ഐ, അസി.സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | ഇട്ട്യാംപുറത്ത് ഹൗസ്, പൂങ്കുന്നം, തൃശ്ശൂർ. |
| ശ്രീമതി.സുധർമ്മിണി.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്, ഒല്ലൂക്കര അർബൻ 2, പെരിങ്ങാവ്. | മേപ്പുറത്ത് ഹൗസ്, ചക്കാമുക്ക്, പൂങ്കുന്നം.പി.ഒ. |

| | | |
|---|---|---|
| ശ്രീമതി.നിർമ്മലാദേവി.പി.സി, ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് | ചൈത്രം, എരവിമംഗലത്ത് ഹൗസ്, എരവിമംഗലം.പി.ഒ., തൃശ്ശൂർ. |
| ഡോ.കെ.ജി.ലത, വെറ്ററിനറി സർജ്ജൻ | വിരമിച്ചു. | ചാന്ദ്മഹൽ, ചാത്തംകുളം റോഡ്, മുടിക്കോട്, പട്ടിക്കാട്.പി.ഒ. |
| ശ്രീ.വാസുദേവൻ.പി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | പെരുനെല്ലി വീട്, പുതിയാർകുളങ്ങര.പി.ഒ., തൃശ്ശൂർ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93,1993-94 | എൽ.എഫ്.ടി 9-1660/95/6.2.96 |
| 1994-95,95-96 | എൽ.എഫ്.ടി 9- 1646/7.2.98 |
| 1996-97 ചെലവ് | എൽ.എഫ്.ടി 11- 1430/98/12.4.99 |
| 1996-97 ഫൈനൽ | എൽ.എഫ്.ടി 11- 1344/ 06/15.5.07 |
| 1997-98 ചെലവ് | എൽ.എഫ്.ടി 11-1428/ 98/12.4.99 |
| 1997-98 | എൽ.എഫ്. ടി 11- 1345/06/ 15.5.07 |
| 1998-99 ചെലവ് | എൽ.എഫ്.ടി 11- 1143/00/ 6.6.00 |
| 1998-99 ഫൈനൽ | എൽ.എഫ്.ടി 11-1761/07/ 24.5.08 |
| 99-00 ചെലവ് | എൽ.എഫ്.ടി 11-757/03/ 15.9.03 |
| 99-00 ഫൈനൽ | എൽ.എഫ്.ടി 11-2364/07/ 27.5.08 |
| 00-01, 01-02 ഫൈനൽ | എൽ.എഫ്.ടി 11-287/04/ 21.5.04 |
| 2000-01, 2001-02 | എൽ.എഫ്.ടി 11-1734/07/ 25.5.08 |
| 2002-03 | എൽ.എഫ്.ടി 11-1048/08/ 31.8.09 |
| 2003-04 | എൽ.എഫ്.ടി 11-1049/08/ 31.8.09 |
| 2004-05 | എൽ.എഫ്.ടി 11-291/09 |
| 2005-06 | എൽ.എഫ്.ടി 11-1738/13.3.10 |
| 2006-07 | എൽ.എഫ്.ടി 11-1739/12/ 24.7.10/10.12.10 |
| 2007-08 | എൽ.എഫ്.ടി.4-88/12/ 30.3.12 |
| 2008-09 | എൽ.എഫ്.ടി.പി.4-89/12/ 31.3.12 |
| 2009-10 | എൽ.എഫ്.ടി.പി 4-90/12/ 9.4.12 |
| 2010-11 | എൽ.എഫ്.ടി.പി.4-91/12/ 4.4.12 |
| 2011-12 | എൽ.എഫ്.ടിപി.4-855/13/7.9.13 |
| 2012-13 | എൽ.എഫ്.ടിപി.8-218/14/16.9.14 |
| 2013-14 | എൽ.എഫ്.ടി.പി8-13/15/8.5.15 |
| 2014-15 | എൽ.എഫ്.ടി.പി.8-1064/16/30.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി8)1891/16 തീയതി 01.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി8)1630/17 തീയതി 29.11.2017/18.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി8)799/2019 തീയതി.11.06.2019/17.06.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി8)322/2020 തീയതി.21.05.2020 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,<br>തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്